PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION—1951

Monday, *the 24th September 1951*

VOL. IV] OFFICIAL REPORT [No. 6

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Monday, the 24th September 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

Oral Answers

ചെയിസിസ്സുകൾ

*൧൩൪ (൧) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ശ്രീ. ഇട്ടിച്ചെറിയായുടെ വർക്ക ഷാപ്പിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൻെറ ആവശ്യത്തിനു വരുത്തിയിരുന്ന ഏതാനും ചെയിസിസ്സുകൾ കഴിഞ്ഞ ൭ മാസത്തിനുള്ളിൽ കിടപ്പുണ്ടായിരുന്നോ;

(ബി) ഉണ്ടായിരുന്നുവെങ്കിൽ അവ എപ്പോൾ വരുത്തിയതെന്നും എപ്പോൾ വർക്കഷാപ്പിൽ ഏൽപ്പിച്ചതാണെന്നും പറയാൻ ദയവുണ്ടാകുമോ;

(സി) ഈ ചെയിസിസ്സുകൾ എത്രകാലം വർക്കഷാപ്പിൽ ജോലി തുടങ്ങാതെ കിടന്നിട്ടുണ്ടു്?

മുഖ്യ മന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഡിപ്പാർട്ടുമെൻറു വകയായ ചെയിസിസുകളൊന്നും ശ്രീ. ഇട്ടിച്ചെറിയായുടെ വർക്കഷാപ്പിൽ കിടപ്പുണ്ടായിരുന്നില്ല. ശ്രീ. ഇട്ടിച്ചെറിയായുടെ വർക്കഷാപ്പെന്നു ബഹു. മെമ്പർ ഉദ്ദേശിക്കുന്നതു് ഇവിടത്തെ ഗവർമ്മെൻറുവക വർക്കഷാപ്പാണെങ്കിൽ അതു ഗവർമ്മെൻറു വക കെട്ടിടമാണു്.

(ബി & സി) എ. യുടെ ഉത്തരംകൊണ്ടു ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. നാണു: ഗവർമ്മെൻറു വക ചെയിസിസുകൾ ഏതെങ്കിലും തക്ക കാലത്തു് ബോഡി പണിയാതെ ഏതെങ്കിലും വർക്കഷാപ്പിൽ കിടന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: വർക്കഷാപ്പിലല്ലാതെ ഗാരേജായിട്ടു ഉപയോഗിച്ചിരുന്ന ഒരു സ്ഥലത്തു്, ഒഴിഞ്ഞു് കിടന്ന സ്ഥലത്തു്, ബോഡി പണിയുന്നതുവരെ കിടന്നിട്ടുണ്ടു്.

ശ്രീ. പി. നാണു: ബോഡി പണിയുന്നതിനു താമസം നേരിടുന്നതായാൽ അതു പണിയുന്നതുവരെ അവിടെ കിടന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ബോഡി പണിയുന്നതുവരെ അവിടെ കിടന്നിട്ടുണ്ട്.

ശ്രീ. പി. നാണു: ബോഡി പണിയാതിരുന്ന ചെയിസിസുകൾ ബോഡി പണിയുവാനായി എത്ര കാലം അവിടെ കിടന്നിരുന്നു?

ശ്രീ. സി. കേശവൻ: ബോഡി പണിയുന്നതുവരെ കിടന്നിരുന്നു.

ശ്രീ. പി. നാണു: ബോഡി പണിയുവാനായി ഏൽപിച്ച ചെയിസിസ്സിൽ ഒടുവിൽ ശേഷിച്ച ചെയിസ് ബോഡി പണിയുവാനായി എത്ര കാലം അവിടെ കിടന്നിരുന്നു?

ശ്രീ. സി. കേശവൻ: നോട്ടീസു വേണം.

ശ്രീ. പി. നാണു: ബോഡി പണിയുന്നതിനു താമസം നേരിട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. പി. നാണു: ബോഡി പണിയുന്നതിനു താമസം നേരിട്ടതിന്റെ കാരണമെന്താണ്?

ശ്രീ. സി. കേശവൻ: പണി തീരാതിരുന്നതുകൊണ്ടുണ്ടായ താമസമാണ്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻ കുഞ്ഞു്: ഈ മി. ഇട്ടിച്ചെറിയായ്ക്കു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെണ്ടിൽ വല്ല കൺട്രാക്ററും ഉണ്ടോ?

ശ്രീ. സി. കേശവൻ: ഏതു ഇട്ടിച്ചെറിയായ്ക്കാണ്?

സാഹിബ് ബഹദൂർ ടി. എ. മൈതീൻ കുഞ്ഞു്: ഈ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന ഇട്ടിച്ചെറിയായ്ക്കു്?

ശ്രീ. സി. കേശവൻ: ഈ ഇട്ടിച്ചെറിയ ആരാണെന്നു അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോൾ എത്ര എണ്ണം ബോഡി പണിയാതെ കിടപ്പുണ്ട്?

ശ്രീ. സി. കേശവൻ: ഒന്നും കിടപ്പില്ല.

ശ്രീ. കെ. രാമചന്ദ്രൻ: ബോഡി പണിയാതെ കിടന്നിരുന്നവ ശ്രീ. ഇട്ടിച്ചെറിയായ്ക്കു് വാടകയ്ക്കു് കൊടുത്തിരുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഇട്ടിച്ചെറിയ എന്ന ഒരാളെ ഏല്പിച്ചിട്ടില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഏതെങ്കിലും ഒരു ഇട്ടിച്ചെറിയായുടെ ഉപദേശം ഈ ചെയിസിസുകൾക്കു് ബാഡി പണിയുന്നകാര്യത്തിൽ ഗവമ്മെൻറ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഒരു ഇട്ടിച്ചെറിയ ബാഡി പണിയുന്നതിനു് സഹായകമായ ഉപദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അദ്ദേഹത്തിന്റെ ചുമതലയിൽ ഏതെങ്കിലും വർക്കു് ഷാപ്പിൽ ഈ ചെയിസിസുകളിൽ ഏതെങ്കിലും കിടന്നിരുന്നുവോ?

ശ്രീ. സി. കേശവൻ: ഇല്ല.

വ്യവസായങ്ങൾ

*൧൬൫ (൩) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറിൽ നിന്നും നേരിട്ടു നടത്തുന്ന വ്യവസായങ്ങൾ ഏതെല്ലാം?

(ബി) ഗവമ്മെൻറിന് ഓഹരിയുള്ള വ്യവസായസ്ഥാപനങ്ങൾ ഏതെല്ലാം?

(സി) ഓരോന്നിലുള്ള ഓഹരി എണ്ണം, ആകെ ഓഹരിവില?

(ഡി) ഈ സ്ഥാപനങ്ങളെപ്പററി അന്വേഷിക്കുന്ന ഗവമ്മെൻറ പ്രതിനിധികൾ ആരെല്ലാം?

വ്യവസായവും, തൊഴിലും, വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ: (എ) ൧. കുണ്ടറ കളിമൺ ഫാക്ടറി, ൨. ചവറ മിനറൽ ഫാക്ടറി, ൩. പുനലൂർ പ്ലൈവുഡ് ഫാക്ടറി, ൪. റബ്ബർ ഫാക്ടറി, ൫. വെസ്റ്റ് കോസ്റ്റ് ഫിഷറീസ് ലിമിററഡ് (ഇതു് ഇപ്പോഴും ഒരു കമ്പനിയാണ്, മാനേജിംഗ് ഏജൻറ ഗവമ്മെൻറാണ്)

(ബി, സി, ഡി) വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ്* മേശപ്പുറത്തു വച്ചിരിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: വെസ്റ്റ് കോസ്റ്റ് ഫിഷറീസ് കമ്പനി ഇപ്പോൾ പ്രവത്തനത്തിൽ ഇരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ: വെസ്റ്റ് കോസ്റ്റ് ഫിഷറീസ് ഇപ്പോൾ പ്രവത്തനത്തിൽ ഇരിക്കുന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഓരോ വ്യവസായത്തിലും ടെക്കനിക്കൽ ക്വാളിഫിക്കേഷനുള്ള ടെക്കനിക്കൽ എക്സ്പെർട്ട്സ് ഗവമ്മെൻറിനുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഉണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ആ എക്സ്പെട്ട്സ് ആരെല്ലാമാണ്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: നോട്ടീസ്സ് വേണം.

ശ്രീ. കെ. എ. മഹമ്മദ്: ഗവമ്മെൻറ് നടത്തുന്ന വ്യവസായങ്ങളെ സംബന്ധിച്ച് അന്വേഷിക്കുവാൻ വേണ്ടി ഗവമ്മെൻറ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഉണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: അദ്ദേഹം സമർപ്പിച്ച റിപ്പോട്ടിൽ ഈ വ്യവസായസ്ഥാപനങ്ങളുടെ നടത്തിപ്പിൽ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെപ്പററി വല്ലതും പ്രസ്താവിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഉണ്ടു്.

ശ്രീ. സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: അതു് ഞങ്ങൾക്കു് അറിയാവുന്ന ഒരു ഡാക്കുമെൻറാണോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: അതു് പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ എന്തെങ്കിലും നടപടി ഗവമ്മെൻറ നടത്തിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഉണ്ടു്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഇവിടത്തെ വ്യവസായശാലകളിൽ ഉണ്ടാക്കുന്ന സാധനങ്ങൾ വിദേശങ്ങളിലേക്കു കയററി അയച്ചതുകൊണ്ടു് ൧൧൩൦-ൽ എത്ര ആദായം ഉണ്ടായിട്ടുണ്ടെന്നു പറയാമോ?

---

* See Appendix I, Page 321.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : അതു ഇപ്പോൾ കണക്കുകൂട്ടി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഗവൺമെൻറ് ഏറെറടുത്ത വ്യവസായശാലകളിൽ എത്രയെണ്ണം പരാജയമടഞ്ഞിട്ടുണ്ട്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : ഒന്നും പരാജയമടഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ് : വ്യവസായശാലകളെക്കുറിച്ച് അന്വേഷിച്ച് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനു എന്തെല്ലാം നടപടികളാണ് ഗവൺമെൻറ ഇതിനകം എടുത്തിട്ടുള്ളതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : ആ നിർദ്ദേശങ്ങൾ ഓരോന്നായി നടപ്പിൽ വരുത്തുവാൻ ഗവൺമെൻറ് നടപടികൾ നടത്തിക്കൊണ്ടിരിക്കയാണ്

Sri. N. D. Jose: Does the Government mean to say that the Government has not taken up the management of the West Coast Fisheries after failure of that company?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : അതിൻെറ പ്രവൎത്തനം കൂടുതൽ ഉപകാരപ്രദമാക്കുവാനാണ് അതിൻെറ മാനേജിംഗ് ഏജൻസി ഗവൺമെൻറ് ഏറെറടുത്തിരിക്കുന്നതു്. അതിൻെറ പ്രവൎത്തനങ്ങളെ ഒന്നുകൂടി പരിശോധിച്ചതിനു ശേഷമേ മാനേജുമെൻറ് ഗവൺമെൻറ് തുടങ്ങുകയുള്ളു.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ് : വെസ്റ്റ് കോസ്റ്റ് ഫിഷറീസ നടത്തുവാൻ പോകുന്നതു ആരാണ്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : എക്സ്പെർട്ട്സിനെ വരുത്തി അവരുടെ അഭിപ്രായത്തിനു ശേഷമേ അതിനെപ്പററി ആലോചിക്കയുള്ളു.

കയർ സർവ്വെ

* ൧൩൩ (൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിയിൽ നടത്തിയ കയർ സർവ്വെ പൂൎത്തിയായോ;

(ബി) അതു സംബന്ധിച്ചു വല്ല പ്രസിദ്ധീകരണങ്ങളും പൊതുജനോപകാരാൎത്ഥം ഗവൺമെൻറിൽ നിന്നും ചെയ്തിട്ടുണ്ടോ;

(സി) തിരുവിതാംകൂർ–കൊച്ചിയിൽ എത്ര ആളുകൾ കയർ ഉൽപ്പാദകജോലിയിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അതു ജനസംഖ്യയുടെ എത്ര ശതമാനമെന്നും പറയുമോ;

(ഡി) ദിവസം ശരാശരി എത്ര കയർ തിരുവിതാംകൂർ–കൊച്ചിയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നു പറയുമോ;

(ഇ) ഈ രാജ്യത്തു് ഉൽപ്പാദിപ്പിക്കുന്ന കയർ ഏതെല്ലാം വിദേശവിപണികളിൽ ചെലവു ചെയ്യുന്നതിനു് എന്തു വ്യവസ്ഥ ഗവൺമെൻറിൽനിന്നും ചെയ്തിട്ടുണ്ടെന്നു പറയുമോ?

വ്യവസായവും, തൊഴിലും, വകുപ്പു മന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ): (എ) സർവ്വെ പൂൎത്തിയായിട്ടുണ്ട്.

(ബി) സർവ്വെ മുഖാന്തിരം ശേഖരിച്ചിട്ടുള്ള സ്ഥിതിവിവരക്കണക്കകളുടെ അപഗ്രഥനം പൂർത്തിയായിട്ടില്ല.

(സി & ഡി) മേൽ ഉത്തരംകൊണ്ടു ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഈ രാജ്യത്തുനിന്നു കയർ പല വിദേശവിപണികളിലും അയച്ചു വിൽക്കുന്നതിനെപ്പററി ഗവണ്മെൻറ് ആലോചിക്കുകയും കയറിൻെറ കയററുമതിയെ സംബന്ധിച്ചു് ഈ ഗവണ്മെൻറിൻെറ അഭിപ്രായംകേന്ദ്ര ഗവണ്മെൻറിനെ അറിയിക്കുകയും ചെയ്തിട്ടുണ്ടു്. അതു ഇനി കേന്ദ്രഗവണ്മെൻറ് ചെയ്യുന്നതാണു്.

ശ്രീ. കെ. രാമചന്ദ്രൻ: കയറിനു വിദേശ വിപണികളിൽ ധാരാളം മാർക്കററു കണ്ടുപിടിക്കുവാൻ ഗവണ്മെൻറു വിചാരിക്കുമോ?

Mr. Speaker: That is a suggestion for action.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവിടെ പ്രൊഡക്ഷനാണൊ ഡിമാണ്ടാണൊ കൂടുതൽ ഉള്ളതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇവിടെ ഉണ്ടാക്കുന്ന കയറിൻെറ ഡിമാണ്ടു് അടുത്തകാലത്തു് കുറച്ചു് കുറഞ്ഞിരിക്കുകയാണു്. അതിനുള്ള കാരണം പറഞ്ഞിട്ടുള്ളതു് ഈ സാധനങ്ങളുടെ ക്വാളിററിയിലും മററും കുറച്ചു മോശം വന്നിട്ടുണ്ടെന്നാണു്.

ശ്രീ. എ. പി. ഉദയഭാനു: വിദേശരാജ്യങ്ങളുമായി ഇൻഡ്യാ ഗവണ്മെൻറ് ട്രെയിഡ് എഗ്രിമെൻറിൽ ഏർപ്പെടുന്ന അവസരത്തിൽ ഈ കയറൽപാദനവുംകൂടി ട്രെയിഡ് എഗ്രിമെൻറിൽ ഉൾപ്പെടുത്തണമെന്നു ഇൻഡ്യാഗവണ്മെൻറിൻെറ അടുത്തു് നിവേദനം ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നിവേദനം ചെയ്തിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: കയറിൻെറ ക്വാളിററി നന്നാക്കുന്നതിനു ഗവർമ്മെൻറു വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അവരുടെ അസോസിയേഷനെ ആ വിവരം അറിയിച്ചിട്ടുണ്ടു്.

ശ്രീ. ഗാസ്പർ ഡിസിൽവ: കയറിൻെറ ക്വാളിററി മോശമാകുന്നതു് കയറും ചകിരിയും ഉപ്പുവെള്ളത്തിൽ മുക്കുന്നതുകൊണ്ടാണെന്നു അറിയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: എന്തുകൊണ്ടാണെന്നു അറിഞ്ഞുകൂടാ.

ശ്രീ. എ. പി. ഉദയഭാനു: കയറിൻെറ ക്വാളിററി നന്നാക്കുന്ന കാര്യത്തിൽ വെയർഹൌസിംഗും സ്റ്റാൻറർഡൈസേഷൻ ചെയ്യുവാൻ ഗവർമ്മൻറ് ശ്രദ്ധിക്കുമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ശ്രദ്ധിക്കാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കയറിൻെറ വില നിർണ്ണയിക്കുന്നതു ഏതാനും വിദേശക്കമ്പനികളാണെന്നു ഗവർമ്മെൻറിനു അറിയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: അതിൻെറ ആവശ്യം അനുസരിച്ചാണു് വില കൂടുന്നതും കുറയുന്നതും.

കുടിൽ വ്യവസായം

*൧൬൧. (൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ—.

(എ) തിരുവിതാംകൂർ–കൊച്ചിയിൽ കുടിൽ വ്യവസായ പരിപോഷണത്തിനുവേണ്ടി എന്തു നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നു പറയുമോ;

(ബി) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചിയിൽ നടത്തിവരുന്ന കുടിൽ വ്യവസായങ്ങൾ ഏതെല്ലാമെന്നും, അതിനെ വിപുലീകരിക്കുന്നതിനു് അംഗീകരിക്കേണ്ട മാറ്റങ്ങളെന്തെന്നും ഗവമ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

വ്യവസായവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ):

(എ) കുടിൽവ്യവസായ പരിപോഷണത്തിനുവേണ്ടി ആദ്യം ഒരു കുടിൽവ്യവസായ കമ്മിററിയും അതിനെത്തുടൎന്നു് ഒരു വ്യവസായ ബോർഡും സ്ഥാപിച്ചിട്ടുണ്ടു്. അതിനുപുറമെ കുടിൽവ്യവസായങ്ങൾക്കു സ്റ്റേയിററ് എയിഡഡ് ഇൻഡസ്ട്രീസ് ആക്ററുപ്രകാരം ധനസഹായം ചെയ്യുന്നതിനു വ്യവസ്ഥയും ഉണ്ടു്.

(ബി) ഉണ്ടു്.

ശ്രീ. കെ. രാമചന്ദ്രൻ: ഇതിനകം ചെറുതരം വ്യവസായങ്ങൾക്കു സ്റ്റേയിററ് എയിഡ് നൽകിയിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: ഉണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവിടത്തെ കുടിൽവ്യവസായങ്ങളെക്കുറിച്ചു് ഗവമ്മെൻറിന്റെ അഭിപ്രായം ഇൻഡ്യാ ഗവമ്മെൻറ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ആവശ്യപ്പെട്ടതായി ഓൎക്കുന്നില്ല.

ശ്രീ. കെ. രാമചന്ദ്രൻ: കുടിൽവ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനായി എത്ര രൂപാ ഗവമ്മെൻറ അനുവദിച്ചിട്ടുണ്ടു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: ൧൧ ലക്ഷം രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്.

ശ്രീ. കെ. രാമചന്ദ്രൻ: ഇതിൽ ഏതെങ്കിലും സംഖ്യ ചിലവായിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: കുടിൽവ്യവസായ ബോർഡിന്റെ അവസാന അഭിപ്രായം വന്നതിനു ശേഷമേ അതു പറയുവാൻ സാദ്ധ്യമുള്ളൂ.

ശ്രീ. കെ. ആർ. ഇലങ്കത്തു്: കുടിൽവ്യവസായ കമ്മിററി അഭിപ്രായപ്പെട്ട ഏതെല്ലാം പദ്ധതികൾ ഗവമ്മെൻറ അംഗീകരിച്ചിട്ടുണ്ടു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: ഒന്നാമത്തെ അവരുടെ അഭിപ്രായം ഒരു കുടിൽവ്യവസായ ബോർഡു വേണമെന്നായിരുന്നു. അതു നിയമിച്ചു കഴിഞ്ഞു. പിന്നെ അവരുടെ അഭിപ്രായം ആദരിച്ചു് കുമ്മങ്ങേരിയിൽ ഒരു പോളി ടെക്കനിക്കൽ ഇൻസ്റ്റിററ്യൂട്ടു് തുടങ്ങിക്കഴിഞ്ഞു.

ശ്രീ. കെ. രാമചന്ദ്രൻ: കുടിൽവ്യവസായങ്ങൾക്കു സാമ്പത്തിക സഹായം ഏതു അടിസ്ഥാനത്തിൽ ചെയ്യണമെന്നാണു് പറഞ്ഞിരിക്കുന്നതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: അതു ബോർഡിന്റെ അഭിപ്രായമനുസരിച്ചു് ചെയ്യുന്നതാണു്.

ശ്രീ. കെ. എ. മാത്യു: കുടിൽവ്യവസായക്കമ്മററിയിലെ അംഗങ്ങളുടെ പേരുകൾ പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

മെസ്സേഴ്സ്

൧. പി. ജെ. തോമസ്സ്.
൨. കരൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്.
൩. തങ്ങൾകുഞ്ഞു മുസലിയാർ.
൪. കെ. കുഞ്ഞുരാമൻ.
൫. മിസസ്സ് ല്യൂർ.

ശ്രീ. കെ. എ. മാത്യു: ഇവർ എല്ലാവരും കുടിൽവ്യവസായത്തിൽ തല്പരരാണോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: അങ്ങിനെയാണെന്നാണ് വിചാരിക്കുന്നതു്.

PLACES OF PUBLIC WORSHIP AND CEMETERIES

***168.** [6] **Sri. [Paul Thaliath:** Will the hon. the Chief Minister be pleased to state.—

(*a*) whether it is necessary now to get the previous permission of the Government to open cemeteries and erect places of public worship in this State; and

(*b*) if the answer to (*a*) is in the affirmative the regulation or law under which such restrictions have been imposed?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) Section 2 of the Erection of Religious Buildings Act I of 1062, clause 4, and Proclamation dated 13th Vrischigam 1074.

ശ്രീ. പാൾ തളിയത്തു്: പാർട്ട് എ സ്റ്റേററുകളിലും, ബി സ്റ്റേററുകളിലും പൊതു ആരാധന സ്ഥലത്തേയോ, ശ്മശാനത്തേയോ സംബന്ധിച്ചുള്ള നിയമങ്ങൾ ഒരുപോലെയാണോ അതോ വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. സി. കേശവൻ: പാർട്ട് എ സ്റ്റേററുകളെപ്പററി ഇൻഡ്യൻ പീനൽക്കോട്ടുകൊണ്ടേ പറയാൻ നിവൃത്തിയുള്ളു. ഈ സ്റ്റേററം കൊച്ചി സ്റ്റേററം സംയോജിപ്പിക്കുന്നതിനുമുമ്പ് ഈ വകക്കുവേണ്ടി പ്രത്യേക വ്യവസ്ഥകൾ ഉണ്ടായിരുന്നു.

DENOMINATIONAL SCHOOLS

***169.** [7] **Sri. Paul Thaliath:** Will the hon. Minister for Education be pleased to State.—

(*a*) whether denominational schools are still functioning in the State; and

(*b*) if so, the number of such schools?

Minister for Education and Revenue **(Sri. L. M. Pylee):**

(*a*) No.

(*b*) Does not arise.

ശ്രീ. പാൾ. തളിയത്തു്: ഗവർമ്മെൻറിൽനിന്നും വേണ്ട നിർദ്ദേശം കൊടുക്കാത്തതുകൊണ്ട് പല ഡിനോമിനേഷനൽ സ്കൂളുകളും പ്രവർത്തനം നടത്തുന്നില്ലെന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: ഗവൺമെൻറിൻെറ അറിവ് ഡിനാമിനേഷനൽ സ്കൂൾ എന്ന സ്ഥാപനം ഇല്ലെന്നാണ്. അഥവാ ഉണ്ടെങ്കിൽതന്നെ പ്രവർത്തിക്കുന്നതിൽ വിരോധവുമില്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: ഡിനാമിനേഷനൽ സ്കൂളുകളിൽ മററുള്ള കുട്ടികളെ ചേർക്കാൻ പാടില്ലെന്നു പറഞ്ഞു് ഗവൺമെൻറ നിഷേധിക്കുകയും എന്നാൽ മററു കുട്ടികളെ ആ സ്കൂളുകളിൽ ചേർക്കയും ചെയ്തുകൊണ്ടു് അവരുടെ ഗ്രാൻറ തടയുകയും അതിന്മേൽ അവർ പരാതിപ്പെടുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അങ്ങിനെ എനിക്കു അറിവില്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: ഗ്രാൻറ തടഞ്ഞു എന്ന പരാതിയും കിട്ടിയിട്ടില്ലേ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: ഉണ്ടോ ഇല്ലയോ എന്ന കാര്യം അന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എൽ. എം. പൈലി: അന്വേഷിക്കാം.

ശ്രീ. എ. താണുപിള്ള: ഡിനാമിനേഷനൽ സ്കൂൾ എന്നു പറയുന്നതു ഏതു ഇനത്തിൽപെട്ട സ്കൂളുകളാണെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: ഈവക സ്കൂളുകളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ൨൯-ാം മെയ് ൧൯൫൧-ൽ ഗവൺമെൻറിൽനിന്നും ഒരു പ്രസ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻെറ ഉദ്ദേശംതന്നെ ഈവക സ്കൂളുകളെ നിറുത്തൽ ചെയ്യണമെന്നാണ്. ആ പ്രസ്നോട്ടിൽ ഇവയുടെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: ഞാൻ ചോദിച്ചതു് ഈവക സ്കൂളുകൾ ഏതുതരം സ്കൂളുകളാണെന്നാണ്.

Sri. L. M. Pylee: That is stated in the Press Note issued on 29th May 1951

ശ്രീ. എ. താണുപിള്ള: സർ, തങ്ങളുടെ കുട്ടികളെ തങ്ങളുടെ സ്കൂളിൽതന്നെ പഠിപ്പിക്കണമെന്നു നിർബന്ധം വച്ചുകൊണ്ടു് നടത്തുന്ന സ്കൂൾ അല്ലേ ഡിനോമിനേഷനൽ സ്കൂൾ?

Sri. L. M. Pylee: That is the designation given to such schools.

ശ്രീ. എ. താണുപിള്ള: തങ്ങളുടെ കുട്ടികളെ തങ്ങളുടെ സ്കൂളിൽതന്നെ പഠിപ്പിക്കണമെന്നുള്ള നിർബന്ധത്തോടുകൂടി പ്രവർത്തനം നടത്തുന്ന സ്കൂളുകൾ ഈ സ്റ്റേററിലില്ലെന്നാണോ പറയുന്നതു്?

ശ്രീ. എൽ. എം. പൈലി: ഇപ്പോൾ ഇല്ല.

GROW MORE FOOD SCHEME

***170.** [8] **Sri. Paul Thaliath:** Will the hon. Minister for Food be pleased to state.—

(*a*) the names of the works undertaken in 1951 under Grow More Food Scheme;

(*b*) the amount spent for each scheme respectively in 1951; and

(*c*) the increase of production expected from these schemes?

Minister for Finance and Food **(Sri. K. M. Korah):**

(*a*) & (*b*) A list* containing information in respect of works executed in 1950-51 along with the expenditure incurred is placed on the table.

---

*See Appendix II, page 322.

(c) Estimated at 59,000 tons of rice; but exact statistics have not been collected.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഭക്ഷ്യോല്പാദനത്തിനുവേണ്ടി തിരുവിതാംകൂർ–കൊച്ചി ഗവണ്മെന്റ് ധാരാളം പുറംപോക്കു സ്ഥലങ്ങൾ ഒഴിപ്പിച്ചിടാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: അതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ADMISSION TO THE MEDICAL COLLEGE

*171. [9] **Sri. D. Gnanasigamoni:** Will the hon. Minister for Education be pleased to state the principles followed in the matter of admission of students to the Medical College, Trivandrum?

Chief Minister **(Sri. C. Kesavan):** That question was answered so many times. Yet, I shall answer it again if the hon. Member wants.

Merit of the applicants as revealed by academic performance with due reservation for socially and educationally backward communities. Two-third of the number of students were selected on merit and the remaining number was reserved for communities which are educationally and socially backward, in order to give fuller representation to them than they would have got on merit alone.

In determining merit marks were distributed as follows:

80 per cent for academic attainments and 20 per cent for extra-curricular activities. In assessing academic attainments the main consideration was for the marks obtained by the candidates in Part III of the Intermediate examination. Weightage was also given to First Class or Second Class pass in the B.Sc. or M.Sc. Examinations. In assessing merits for extra-curricular activities the order was:

Proficiency over the Inter-University level,
Proficiency in the University,
Proficiency in the Collegiate level,
Interest in games and physical standards.

Sri. D. Gnanasigamoni: In respect of this admission, may I know whether the Government laid down these principles or these principles were laid down by the Selection Committee?

Sri. C. Kesavan: These principles were laid down by Government.

LEMON GRASS

*172. [10] **Sri. M. Varki:** Will the hon. Minister for Education be pleased to state the nature and scope of the Lemon Grass Research Institute recently opened in the State?

Minister for Industries and Labour **(Sri. P. K. Krishnankutty Menon):** A note containing the nature and scope of the Lemon Grass Research Station is placed on the table.*

Sri. M. Varki: Will any research be conducted to improve the process of distillation by copper stills?

Sri. P. K. Krishnankutty Menon: That is also one of the points for consideration during the research.

ശ്രീ. എ. കെ. പാച്ചുപിള്ള: ആരുടെ ആവശ്യപ്രകാരമാണ് ഈ റിസർച്ച് ഇൻസ്റ്റിററ്യൂട്ട് ഉൽഘാടനം ചെയ്തതെന്നു പറയാമോ?

*See Appendix III, pape 322—323.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: ആരുടേയും ആവശ്യപ്രകാരമല്ല. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മാത്രമാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതിലേക്കുവേണ്ടി ഗവൺമെന്റിനെ ഉപദേശിച്ചതു് ഏതു വിദഗ്ദ്ധനാണെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: റിസർച്ചു ഡയറക്ടർ ആണ്.

ശ്രീ അലക്സാണ്ടർ വാകയിൽ: ഇപ്പോഴും അവിടെ ആരെങ്കിലും കൃഷി നടത്തുന്നുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഉണ്ട്.

Dr. M. O. Cheriyan: What is the total value of lemon grass oil exported from this State?

Sri. P. K. Krishnankutty Menon: I claim notice.

Dr. M. O. Cheriyan: May I know for how long this lemon grass cultivation has been going on in this country?

Sri. P. K. Krishnankutty Menon: I don't know exactly how long but I know that it has been going on for a considerable number of years.

PERUMBAVOOR JUNCTION

*173. [11] **Sri. M. Varki:** Will the hon. Minister for Public Works be pleased to state.—

(*a*) steps taken by the department in widening the Perumbavoor junction; and

(*b*) whether the work has been actually taken up and if not, why?

Minister for Public Works **(Sri. G. Chandrasekhara Pillai):**

(*a*) An estimate has been framed and work arranged. Land Acquisition is in progress.

(*b*) No. The work will be taken by the P.W.D. when acquisition proceedings are completed.

SOCIETY OF LEMON GRASS GROWERS

*174. [12] **Sri. M. Varki:** Will the hon. Minister for Co-operation be pleased to state.—

(*a*) whether the department has taken initiative in organising a society of the Lemon Grass Growers;

(*b*) whether the department has received any formal application for the registration of such a society;

(*c*) if the answer to (*b*) above is in the affirmative the action taken in the matter?

Minister for Education and Revenue **(Sri. L. M. Pylee):**

(*a*) Yes.

(*b*) No formal application has been received. But in accordance with the decisions made at a conference of lemon grass cultivators at Kuruppampadi, proposals have been forwarded to Government by the Director of Research for the organisation of a Co-operative Society to safeguard the interests of lemon grass oil producers.

(*c*) These proposals are under the consideration of Government.

പൊതുമരാമത്തുപണികൾ

*൧൭൫. (൧൩) ശ്രീ. അലക്സാണ്ടർ വാകയിൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സാമ്പത്തിക വർഷത്തിൽ പൊതുമരാമത്തു പണികൾക്കായി എത്ര സംഖ്യയാണ് കൊള്ളിച്ചിട്ടുള്ളതു്;

(ബി) അതിൽ നാളിതുവരെ എത്ര സംഖ്യ ചിലവായി?

(സി) കൊല്ലാവസാനത്തിനുമുമ്പ് ഈ സംഖ്യ മുഴുവനും ചിലവാക്കുവാനിടയുണ്ടോ?

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള:)

(എ) ൩൨ ൦·൧ ലക്ഷം.

(ബി) ൩ ൧· ൦ ലക്ഷം. (൧൯൫൧ ജൂലൈ അവസാനംവരെ).

(സി) ചിലവാക്കാമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വില്ലേജ് റോഡുകൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള തുക ഈ കൂട്ടത്തിൽ ഉൾപ്പെടുമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇല്ല.

ശ്രീ. കെ. എ. മാത്യു: അനുവദിച്ചിട്ടുള്ള പണം മുഴുവനും ചിലവാക്കാതെ ഈയാണ്ടിലും അതു ലാപ്സാക്കാൻ ഉദ്ദേശമുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അങ്ങനെ ലാപ്സാക്കി കളയുകയില്ല.

ശ്രീ. കെ. എ. മാത്യു: കഴിഞ്ഞ ബഡ്ജററിൽ ഈ വകക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള തുകകളുടെ ഒരു ലിസ്റ്റ് ഡിപ്പാർട്ടുമെൻറ മേധാവിക്കു അയച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അയച്ചുകൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: എന്നാണ് അയച്ചുകൊടുത്തതെന്നുപറയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതിൻെറ എക്സാററ ഡേററ് ശരിയായിട്ടു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അയച്ചുകൊടുത്തിട്ടുണ്ടാകുമെന്നാണു വിശ്വസിക്കുന്നതു്:

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: റോഡുകളുടെ മെയിൻറനൻസ് ശരിയായ വിധത്തിൽ നടത്തിക്കാത്തതുകൊണ്ടു് വാഹനങ്ങളുടെ ഗതാഗതവേളയിൽ പല കഴപ്പങ്ങളും നേരിടുന്നതായി അറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സാധിക്കുന്നിടത്തോളം മെയിൻറനൻസ് ജോലികൾ നിർവ്വഹിച്ചുവരുന്നുണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: മെയിൻറനൻസ് ജോലികൾ ചെയ്യുന്നില്ലെങ്കിൽ യാത്രചെയ്യുന്നവർക്ക് അതൊരു ഭയങ്കര ശിക്ഷയാണെന്നറിയാമൊ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ശിക്ഷയായിരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള: ആദ്യത്തെ ആറുമാസത്തിനകത്ത് ൩൦ ലക്ഷം രൂപയും, അതിനുശേഷം ൩ കോടി രൂപയും ചിലവാക്കാമെന്നുദ്ദേശിക്കുന്നതു് എന്തുകൊണ്ടാണ്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ജോലിസംബന്ധിച്ച എസ്റ്റിമേററുകളെല്ലാം തയ്യാറാക്കുന്നതിനു കുറെ താമസം വേണ്ടിവരും. ആ കാലത്തേക്കു കുറച്ചു തുക മാത്രമെ ചിലവാക്കേണ്ടിവരികയുള്ളൂ. അതിനുശേഷമാണ് പ്രധാനപ്പെട്ട ജോലികൾ ആരംഭിക്കുന്നതു്.

ശ്രീ. ഗാസ്പർ ഡിസിൽവാ: അതാതുവർഷത്തെ പണി അതാതുവർഷം തീർക്കാതെ അനവധി പണം ലാപ്സാകുന്നതുപോലെ ഈയാണ്ടിലും തുക ലാപ്സാക്കിക്കളയുകയില്ലേ?

ശ്രീ. ജീ. ചന്ദ്രശേഖരപിള്ള: നിവൃത്തിയുള്ളിടത്തോളം ലാപ്സാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

Sri. P. S. Nataraja Pillai: May I know whether there is not a provision in the P. W. D. Code that the expenditure incurred in the last quarter of the year should not be higher than that incurred in the previous quarter?

Sri. G. Chandrasekhara Pillai: Yes, there is a rule like that.

ക്ഷാമബത്ത

* ൱൧൩. (൧൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ ചേർക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) പരിഷ്കരിച്ച നിരക്കിലുള്ള ക്ഷാമബത്ത പ്രൈവറ്റ സ്കൂൾ അദ്ധ്യാപകന്മാർക്കും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ട്. കൊച്ചിൻ പ്രൈമറിസ്കൂൾ അസോസിയേഷനിൽ കുന്നംകുളം ഗ്രൂപ്പിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നിവേദനം വിദ്യാഭ്യാസ ഡയറക്ടരുടെ അടിയന്തിരമായ ശ്രദ്ധയിൽ പെടുത്തിയിരിക്കുന്നു. അതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ആയതിനു വേണ്ടിവരുന്ന ചിലവു തിട്ടപ്പെടുത്തിയശേഷം വേണ്ട ഉത്തരവു പുറപ്പെടുവിക്കുന്നതായിരിക്കും.

ശ്രീ. അലക്സാണ്ടർ വാകയിൽ: പ്രൈവറ്റ സ്കൂൾ അദ്ധ്യാപകന്മാർക്ക ക്ഷാമബത്ത ഇതുവരെ അനുവദിച്ചുകൊടുക്കാത്തതിൽ വല്ല കാരണവുമുണ്ടോ?

ശ്രീ. എൽ. എം. പൈലി: അവരുടെ ക്ഷാമബത്തയെപ്പറ്റി ധൃതഗതിയിൽ നടപടികൾ എടുക്കുകയാണ്. പെട്ടെന്നു തീരുമാനമുണ്ടാക്കാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർക്ക് ഇതുവരെ ക്ഷാമബത്ത കൊടുക്കാത്തതുകൊണ്ട് അവർ പ്രതിഷേധം പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: അറിഞ്ഞുകൂട.

റേഷൻ

* ൱൧൪. (൧൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് പ്രതിദിനം ഇപ്പോൾ എത്ര ഔൺസ് റേഷൻ അരി വീതമാണ് കൊടുക്കുന്നത്;

(ബി) ഈ റേഷൻ കുറവിനുള്ള കാരണം എന്ത്;

(സി) റേഷൻ വർദ്ധിപ്പിക്കുവാനുദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എത്ര; എന്നുമുതൽ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര): (എ) പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് ൧൬—൯—൫൨ മുതൽ പ്രതിദിനം നാലര ഔൺസ് അരിയാണ് നിശ്ചയിച്ചിട്ടുള്ളതു്.

(ബി) അരിയുടെ സ്റ്റോക്ക കുറവുകാരണമാണ് ഇപ്രകാരം റേഷൻതോതു കുറക്കേണ്ടിവന്നതു്.

(സി) ഇല്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: സ്റ്റാക്ക കുറവുകൊണ്ടാണെന്നു പറയുന്നു. എന്താണ് ഈ സ്റ്റാക്ക കുറയുവാനുള്ള കാരണമെന്നു പറയാമോ?

ശ്രീ കെ. എം. കോര: സ്റ്റാക്ക കുറഞ്ഞുപോയതു് സമയത്തിനു പുറത്തുനിന്നും അരി ലഭിക്കാത്തതുകൊണ്ടാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: നാലര ഔൺസ് അരികൊണ്ടു് പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് ആഹാരത്തിനു തീരെ മതിയാകയില്ലെന്നുള്ളതു് ഗവമ്മെൻറിനു് അറിഞ്ഞുകൂടെ?

ശ്രീ. കെ. എം. കോര: ഗവമ്മെൻറിനു അറിയാം.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഈ സ്റ്റേററിലേക്ക അനുവദിച്ചിരിക്കുന്ന ഗോതമ്പും മൈലോയും അവ ആവശ്യപ്പെടുന്ന ഇൻഡ്യയിലെ ഇതരഭാഗങ്ങളിലേക്ക് കൊടുത്തിട്ടു് അതിനു പകരം അരിക്വോട്ടാ വർദ്ധിപ്പിക്കാൻ സാധിക്കുകയില്ലേ?

ശ്രീ. കെ. എം. കോര: ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ അതു സാധിക്കുകയില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: എങ്കിലും ഇപ്പോഠം കിട്ടുന്നതിൽ കുറെക്കൂടി കൂടുതൽ അരി ഇവ ഉപേക്ഷിക്കുന്നതുകൊണ്ടു് ഇൻഡ്യാഗവമ്മെൻറ് അനുവദിക്കുകയില്ലെന്നാണോ പറയുന്നതു്?

ശ്രീ. കെ. എം. കോര: ഇപ്പോഠം കിട്ടിക്കൊണ്ടിരിക്കുന്ന ഗോതമ്പിനും മൈലോയ്ക്കും പകരം അരിവേണമെന്നു പറഞ്ഞു ഇവയെ നിരസിച്ചാൽ അരി കിട്ടുകയില്ലെന്നു മാത്രമല്ല കിട്ടിക്കൊണ്ടിരിക്കുന്ന ഗോതമ്പുതന്നെയും ചിലപ്പോഠം കിട്ടാതെ വന്നേക്കാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് ഒരു ദിവസത്തേക്ക് ൧൬ ഔൺസ് അരിയെങ്കിലും വേണ്ടതാണെന്നു് ഒരു വിദഗ്ദ്ധാഭിപ്രായമുണ്ടായിട്ടില്ലേ?

ശ്രീ. കെ. എം. കോര: അങ്ങനെ വിദഗ്ദ്ധാഭിപ്രായം ഉണ്ടായിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: അനുവദിച്ചിട്ടുള്ള നാലര ഔൺസുതന്നെ എല്ലാ സ്ഥലങ്ങളിലും വിതരണം ചെയ്യുന്നില്ല എന്നറിയാമോ?

ശ്രീ. കെ. എം. കോര: അങ്ങനെ അറിവില്ല.

ശ്രീ. കെ. എ. മാത്യു: റേഷൻ എല്ലായിടത്തും ശരിയായി കൊടുക്കുന്നുണ്ടെന്നാണോ ബഹു. മന്ത്രി പറയുന്നതു്?

ശ്രീ. കെ. എം. കോര: അതെ.

Sri. N. Daniel Jose: How does the rice ration here compare with the rice ration in Madras?

Sri. K. M. Korah: I think it compares favourably.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: നെല്ലെടുപ്പു കുറെക്കൂടി കാര്യക്ഷമമാക്കുന്നപക്ഷം കൂടുതൽ റേഷൻ കൊടുക്കാൻ സാധിക്കയില്ലേ?

ശ്രീ. കെ. എം. കോര: സാധിക്കുമെന്നു തോന്നുന്നില്ല.

Sri. D. Gnanasigamoni: What according to Government will be the normal ration needed for an individual?

Sri. K. M. Korah: That depends upon the difference in regions and so many other factors.

Sahib Bahadur A. Abdul Razaak: Sir, on a point of order. May I know whether the hon. Minister in charge is right in giving such an irrelevant answer?

Mr. Speaker: Yes. The answer is relevant.

Sri. K. Sivarama Pillai: Does the Government think of stopping ration in the near future?

Sri. K. M. Korah: No.

Sri. R. K. Ram: Has the Government any intention of increasing the rice ration before the ensuing election?

Sri. K. M. Korah: It has nothing to do with election.

Sri. P. S. Nataraja Pillai: May I know what is the rice content in the adjoining State of Madras?

Sri. K. M. Korah: I claim notice.

Sri. N. Daniel Jose: Are the Government aware that Madras has a scheme for a rice ration of six ounces?

Sri. K. M. Korah: May be.

Sri. P. S. Nataraja Pillai: May I know why this difference exists?

Sri. K. M. Korah: The deficit comes only to 10 per cent in Madras. But here it is 66 per cent. That is why this difference prevails so far as Madras and this State are concerned.

Sri. A. P. Udayabhanu: May I know whether our State has ever failed to supply ration?

Sri. K. M. Korah: Certainly not.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: കരുനാഗപ്പള്ളി താലൂക്കിൽ കഴിഞ്ഞ മാസത്തിൽ ഒരാഴ്ച വിതരണം നടത്തിയിട്ടില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. കെ. എം. കോര: അറിഞ്ഞുകൂടാ.

ട്രാൻസ്പോർട്ട് ബസ്സുകൾ

*൧൯൮. (൧൩) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦–൫൧-ൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ പുതുതായി വല്ല ബസ്സുകളും വിലയ്ക്കു വാങ്ങിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും ഏതെല്ലാം തരമെന്നും?

(ബി) പുതുതായി ബസ്സുകൾ വാങ്ങിയിട്ടുണ്ടെങ്കിൽ അവ ഉപയോഗിച്ചു ഏതെല്ലാം ലൈനുകളിൽ ബസ്സുകളുടെ എണ്ണവും സർവ്വീസും കൂട്ടിയിട്ടുണ്ട്;

(സി) ആലപ്പുഴ–അരൂർ ലൈനിൽ ബസ്സുകളുടെ അപര്യാപ്തതമൂലം യാത്രക്കാർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ൧൯൬൦-൬൧ സാമ്പത്തിക വർഷത്തിൽ ൧൨൨ പുതിയ ഷേസീസുകൾ വാങ്ങിയിട്ടുണ്ട്. അതായതു്,

Ford (Petrol) 194" W. B.	40	Nos.
Austin (Diesel) 180" W. B.	58	Nos.
Austin (Diesel) 157 ¾ W. B.	24	Nos.
Total	122	

(ബി) സർവ്വീസുകളിൽനിന്നും പിൻവലിക്കപ്പെട്ട പഴയ വണ്ടികൾക്കു പകരം പുതിയ വണ്ടികൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. വണ്ടികളുടെ ദൌർലഭ്യം നിമിത്തം നിറുത്തിവെച്ചിരുന്ന ചില ഷെഡ്യൂൾ സർവ്വീസുകളിൽ പുതിയ ബസ്സുകൾ ചിലപ്പോൾ ഉപയോഗിച്ചിരുന്നു. ചില ബസ്സുകൾ നിലവിലിരിക്കുന്ന ലൈനുകളിൽ കൂടുതലായി കൂട്ടിയിട്ടുണ്ട്. അതായതു്,

തിരുവനന്തപുരം സിററി	൧൦
നാഗർകോവിൽ ടൗൺ സർവ്വീസ്	൧
തിരുവനന്തപുരം-പുനലൂർ (എക്സ്പ്രസ്സ്)	൧
തിരുവനന്തപുരം-പള്ളിച്ചൽ, വിഴിഞ്ഞം	൧
,, -പൂവാർ ,,	൧
,, -എറണാകുളം (എക്സ്പ്രസ്സ്) ആലപ്പുഴവഴി	൧
കൊല്ലം-എറണാകുളം (എക്സ്പ്രസ്സ്)	൧
ആലപ്പുഴ-എറണാകുളം ,,	൧
ആകെ	൧൭

(സി) അറിയാം. ഈ ലൈനിൽ അടുത്തുതന്നെ കൂടുതൽ ബസ്സുകൾ സർവ്വീസു നടത്തുന്നതിനു ഇറക്കുന്നതോടുകൂടി ഇപ്പോഴത്തെ വിഷമങ്ങൾ പരിഹരിക്കുന്നതാണ്.

ശ്രീ. കെ. എ. മാത്യു: ഈ ബസ്സുകളെല്ലാം വരുത്തിയതു് ആരുടെ ഉപദേശപ്രകാരമാണെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ട്രാൻസ്പോർട്ടു അഡ്വൈസറി കമ്മിററിയുടെ ഉപദേശപ്രകാരമാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇത്രയൊക്കെ ബസ്സുകൾ വരുത്തിയിട്ടും പല ലൈനുകളിലും സമയത്തിനു ബസ്സുകിട്ടാതെ യാത്രക്കാർ വിഷമിക്കുന്നു എന്നു് അറിയാമോ?

ശ്രീ. സി. കേശവൻ: അറിയാം. കൂടുതൽ ബസ്സുകൾ സർവ്വീസുനടത്താൻ വേണ്ട ഏർപ്പാടുചെയ്യും.

ശ്രീ. കെ. എ. മാത്യു: വരുത്തുന്ന ബസ്സുകൾ എല്ലാം നോക്കി നല്ല ബസ്സുകൾ തെരഞ്ഞെടുക്കണമെന്നുള്ളതിലേക്കു വല്ല കമ്മിററിയേയും നിയമിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതിന്റെ ആവശ്യം നേരിടുകയാണെങ്കിൽ കമ്മിററിയുണ്ടാക്കും.

ശ്രീ. കെ. എ. മാത്യു: ഇപ്പോൾ അതിനായിട്ടു ഒരു സ്റ്റാൻഡിംഗ് കമ്മിററിയില്ലേ?

ശ്രീ. സി. കേശവൻ: അതിനായിട്ടു് ഒരു കമ്മിററി ഇപ്പോൾ ഇല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ അടുത്ത കാലത്തു എത്ര ബസ്സുകളാണ് കൂടുതലായി സർവ്വീസു നടത്താൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. സി. കേശവൻ: ൨൯ ബസ്സുകൾ.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ചേർത്തലക്കും അരൂരിനും ഇടയ്ക്കു പ്രൈവററ സർവീസുകൾ നടത്തുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

Sri. N. D. Jose: Why is it that the Government have not found it possible even now to successfully tackle the problem of over loading in the ordinary transport buses in the State?

Sri. C. Kesavan: That has been answered once. It is due to the dearth of buses. Old buses become useless and Government have not been able to put sufficient number of new buses on the lines so as to replace old buses and to provide for the increasing congestion. It will take some time to increase the transport lines. Additional number of buses are to be put in only after necessary investigation. Government are trying their level best to overcome these difficulties.

Shaib Bahadur A. Abdul Razaak: Is the hon. Chief Minister right in giving such an answer so as to disown the responsibility?

Mr. Speaker: Order, order; that question is disallowed.

ഭവനനിർമ്മാണം

*൨൯൭. (൨൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭവനനിർമ്മാണപദ്ധതിയുടെ ചാർജ്ജു വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല തെക്കു പകുതിയിൽ തൊഴിലാളികളുടെ താമസസൌകര്യത്തിനുവേണ്ടി ഏതാനും വീടുകൾ പണിയിക്കുന്നതാണെന്നു ഗവമ്മെൻറിൽ നിന്നും പറഞ്ഞിട്ടുണ്ടെങ്കിലും ഇതേവരെ നിർമ്മാണ പദ്ധതികൾ ആരംഭിക്കാതിരുന്നതു് എന്തുകൊണ്ടാണു്;

(ബി) ഭവനനിർമ്മാണത്തിനു കൊള്ളത്തക്കതായി തെക്കു പകുതിയിൽ എവിടെയെങ്കിലും വല്ല സ്ഥലനിർണ്ണയവും ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ൨൫ വീടുകൾ പണിയുന്നതിനു് അനുവാദം നൽകിയിട്ടുണ്ടു്. പ്രസ്തുത ജോലി ഏറെറടുത്തു നടത്താമെന്നു സമ്മതിച്ചിരുന്ന ചേർത്തല തെക്കുംമുറി ൨൩൪ ൪-ാം നമ്പർ സഹകരണ സംഘം, എസ്റ്റിമേററിലെ നിരക്കു് കമ്പോള നിരക്കിനെക്കാൾ കുറവാണെന്നുള്ള കാരണത്താൽ ആവരെ അതിൽ നിന്നും ഒഴിവാക്കണമെന്നു ആവശ്യപ്പെട്ടിരിക്കുകയാണു്. പ്രസ്തുത ജോലി പി. ഡബ്ലിയു. ഡി മുഖാന്തിരം ചെയ്യിക്കാൻ വേണ്ട നടപടികൾ എടുത്തു വരികയാണു്.

(ബി) ഉണ്ടു്. ചേർത്തല തെക്കു പകുതിയിൽ സർവ്വേ നം. ൦൦/൨ സി ൨ ഏക്കർ നം. ൨ സെൻറും, ൨൩ ൦/൫ എയും, സി യും ൨ ഏക്കർ ൪ സെൻറും ൨൩ ൦/൨൨ ൨ ഏക്കർ ൨൩ സെൻറും ഭൂമികൾ ഭവന നിർമ്മാണത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ടു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: എന്നാണു ഈ ഉത്തരവു പാസായിട്ടുള്ളതെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: പ്രൈവററ് ഏജൻസികൾ വീട്ടുപണിയുന്നതിനു വേണ്ടി കൺട്രാക്റ്റ് കൊടുക്കാൻ പാടില്ലേ?

ശ്രീ. എൽ. എം. പൈലി: ആ കാര്യത്തെപ്പററി ആലോചിക്കാം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇന്ന താലൂക്കിൽ ഇത്ര ഭവനം വീതം നിർമ്മിക്കണമെന്നുള്ളതിലേക്ക വല്ല സ്കീമും ഗവർമ്മെൻറിലേക്ക് ഉണ്ടോ?

ശ്രീ. എൽ. എം. പൈലി: അങ്ങനെ ഒരു സ്കീമും ഗവർമ്മെൻറിനു് ഇപ്പോഠം ഇല്ല. അപേക്ഷകഠം വരുന്നതനുസരിച്ച് അത്യാവശ്യമാണെന്നു തോന്നുന്ന അവസരങ്ങളിൽ ആണ് ഭവന നിർമ്മാണം തുടങ്ങുന്നതു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: വീടുകഠം ആവശ്യമാണോ അല്ലയോ എന്നുള്ള കാര്യം നിശ്ചയിക്കാൻ ആർക്കാണധികാരമുള്ളതു്?

ശ്രീ. എൽ. എം. പൈലി: ഇതിലേക്ക് ഏതാനും ആഫീസറന്മാരെ നിയമിച്ചിട്ടുണ്ടു്. അവരുടെ റിപ്പോർട്ടനുസരിച്ചു ഗവർമ്മെൻറ പ്രവർത്തിക്കുകയാണു ചെയ്യുന്നതു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഭവന നിർമ്മാണം ഇനി മേലാൽ ഗവർമ്മെൻറ നേരിട്ടു നടത്താനുദ്ദേശിക്കുന്നോ അതോ പ്രൈവററ ഏജൻസി മുഖാന്തിരം നടത്താനുദ്ദേശിക്കുന്നോ?

ശ്രീ. എൽ. എം. പൈലി: ഗവർമ്മെൻറിനു നേരിട്ടു നടത്താനുള്ള നടപടികളാണു എടുത്തുവരുന്നതു്. അങ്ങനെയല്ല, പ്രൈവററ ഏജൻസികളെക്കൊണ്ടു നടത്തിക്കണമെങ്കിൽ അതിനെപ്പററിയും ആലോചിക്കാം.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഗവർമ്മെണ്ടിൻെറ എസ്റ്റിമേററ റേററിൽ കുറവായിട്ടു ഏതെങ്കിലും പ്രൈവററ് ഏജൻസി ഭവന നിർമാണത്തിനു തയാറായാൽ, (അതായതു് സഹകരണസംഘങ്ങഠം) വർക്കു വിട്ടുകൊടുക്കുമോ?

ശ്രീ. എൽ. എം. പൈലി: ഏറെറടുക്കാമെന്നു സമ്മതിച്ചിരുന്ന ഒരു സഹകരണ സംഘം, അവരെ ഒഴിവാക്കണമെന്നാവശ്യപ്പെട്ടിരിക്കയാണു്.

ശ്രീ. ഏ. താണുപിള്ള: സഹകരണസംഘം ഇങ്ങോട്ടാവശ്യപ്പെട്ടതോ അതോ ഗവർമ്മെൻറ് അങ്ങോട്ടാവശ്യപ്പെട്ടതോ?

ശ്രീ. എൽ. എം. പൈലി: അതിനെപ്പററി ഇപ്പോഠം നിശ്ചയമായി ഒന്നും പറയാൻ നിവൃത്തിയില്ല.

പുളിംകുന്നു എം. പി. സ്കൂഠം

* ൧൯൦. (൧൯) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങഠംക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുളിംകുന്നിൽ (കുട്ടനാട്ട്, അമ്പലപ്പുഴ) ബോട്ടുജട്ടിക്കു സമീപം സ്ഥിതിചെയ്യുന്ന എം. പി. സ്കൂഠം അവിടെനിന്നും മാററി സ്ഥാപിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ ഉപയോഗത്തിലേയ്ക്കായി ഒരു സ്ഥലം പുളിംകുന്നു പള്ളിയിൽ നിന്നും തന്നുകൊള്ളാമെന്നു ഉറപ്പു പറഞ്ഞിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു കാരണവശാലാണു് ഈ സ്കൂഠം മാററി സ്ഥാപിക്കുവാൻ ഇത്ര കാലതാമസം നേരിടുന്നതു്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) സ്ഥലം തരാമെന്നു പറഞ്ഞെങ്കിലും പിന്നീട് വൈമനസ്യം കാണിച്ചതുകൊണ്ടാണ് താമസമുണ്ടായത്.

ஸ்கூல்பைனல் பரீக்ஷையில் ஹிந்தி.

*181. [19] ஸ்ரீ. டி. பொன்னையா: கீழ் குறிப்பிடும் வினாக்களுக்கு கனம் கல்விவகுப்பு மந்திரி அவர்கள் விடை பகர்வார்களாக:

(எ) திருவிதாங்கூர்—கொச்சி சமஸ்தானத்தில் கடந்த வருடம் ஸ்கூல் பைனல் (School Final) பரீக்ஷையில் ஹிந்தியில் (Hindi) மாத்திரம் தோற்ற (Failed) மாணவர்கள் எத்தனை? அவர்கள் அதிகமாக எந்த தாலூகாக்களில் தோல்வியுற்றனர்.

(பி) ஹிந்தியை கட்டாய பாடமாக்காமலிருப்பதற்கு ஸர்க்காருக்கு ஏதாவது உத்தேசமுண்டா?

Sri. R. K. Ram: I may be permitted to put the question.

Mr. Speaker: Yes.

Minister for Education and Revenue **Sri. L. M. Pylee**: I shall read the English translation of the question.

(a) How many students failed for Hindi alone in the School Final Examination held last year in the Travancore-Cochin State?

Sahib Bahadur A. Abdul Razaak: May I point out to the hon. Minister that the English translation of the question is not quite correct?

Sri. L. M. Pylee: This is the authentic translation available here.

Answer: In Travancore area, the number of failures for optional Hindi 322

Compulsory Hindi—217

Cochin area—358. There was no compulsory Hindi in the Cochin area.

Information regarding the taluk-war statement is being collected.

Question (b) Has Government any intention in not making Hindi a compulsory subject?

Answer: No. Hindi has been made a compulsory subject.

Sri. R. K. Ram: May I know whether Government are aware that in the Madras State Hindi is not made a compulsory subject?

Sri. L. M. Pylee: That may be so.

Sri. R. K. Ram: Then what are the reasons that led the Travancore—Cochin State to make Hindi a compulsory subject?

Sri. L. M. Pylee: Travancore-Cochin Government need not follow the example of the Madras Government in this matter.

Sri. P. S. Nataraja Pillai: May I know the number of students who were not able to secure promotion for want of marks in compulsory Hindi?

Sri. L. M. Pylee: The information is not available.

Sri. P. S. Nataraja Pillai: May I know whether Government have received any memorial in regard to this?

Sri. L. M. Pylee; Government have received a memorial. It was duly considered by Government and a reply was given to that effect.

புறம்போக்கு.

*182 [20] *ஸ்ரீ. டி. பொன்னையா: கீழ் குறிப்பிடும் வினவுக்கு கனம் பூமி மந்திரி அவர்கள் விடை பகர்வார்களாக:

அகஸ்தீஸ்வரம் தாலுகாவில் சுசீந்திரம் பகுதியில் சுசீந்திரத்தில் வாட்ஸ்ரோட் (Watts Road) பக்கம் அன்னியர் பூமியில் குடியிருக்கும் ஷெட்யூல் வகுப்பில் நாயாடி இனத்தைச் சார்ந்த பாபஞசம் சுப்பையன் 25–5–1951–ல் ஒரு புறம்போக்கு பூமி குடியிருப்பிற்காக விண்ணப்பித்தின்மேல் நடபடி எடுத்ததுண்டா? இல்லாவிட்டால் காரணமென்ன?

Minister for Education and Revenue **(Sri. L. M. Pylee):** No such decision has been taken by Government.

അദ്ധ്യാപക ശമ്പളം

* ൧൮൩ (൨൧) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയനുസരിച്ച് അദ്ധ്യാപകരുടെ ശമ്പളക്രമീകരണത്തിൽ വന്നുകൂടിയ ചില അസമത്വങ്ങളെപ്പററിയുള്ള പരാതി ഗവമെൻറിൽ കിട്ടിയിട്ടുണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): ചില പരാതികൾ കിട്ടിയിട്ടുണ്ട്.

ശ്രീ. പി. കെ. കുമാരനാചാരി: ഒരു മാനേജുമെൻറു സ്കൂളിൽ കുറെ വർഷം ജോലിനോക്കിയതിനുശേഷം ഏതെങ്കിലും അദ്ധ്യാപകൻ മറെറാരു മാനേജുമെൻറ് സ്കൂളിലേക്ക് മാറുന്നപക്ഷം ആ അദ്ധ്യാപകന് കൊടുക്കേണ്ട ശമ്പളത്തെപ്പററി വല്ല തീരുമാനവും ഗവമെൻറു ചെയ്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതേപ്പററിയും അപേക്ഷകൾ കിട്ടിയിട്ടുണ്ട്. ഇവയെല്ലാം ശരിപ്പെടുത്തുവാൻ ഗവമെൻറു ശ്രമിക്കുകയാണ്.

ശ്രീ. പി. കെ. കുമാരനാചാരി: ഇങ്ങനെ വ്യത്യസ്തമായ രീതിയിൽ ശമ്പളം കൊടുത്തുവരുന്നതു ശരിയല്ലെന്നുള്ളതു ഗവമെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

Mr. Speaker: The question is disallowed. It is a matter of opinion.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇപ്പോഴത്തെ പുതിയപദ്ധതിയനുസരിച്ചു ൭൫ രൂപാ വാങ്ങിക്കുന്ന അദ്ധ്യാപകന്മാരും അതേസമയം ൩൦ രൂപാ മുതൽ ൬൦ രൂപാവരെയുള്ള സ്കെയിൽ അനുസരിച്ചു ശമ്പളം വാങ്ങുന്ന അദ്ധ്യാപകന്മാരും ഉണ്ടെന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: അതു പുതിയപദ്ധതിപ്രകാരമല്ല. പഴയപദ്ധതി പ്രകാരമാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതിൻെറ ക്രമീകരണത്തിന് ഗവമെൻറിൽ നിന്നും എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതു ചെയ്തുവരികയാണ്.

---

*Put by Sri. R. K. Ram, with the permission of the Chair

ശ്രീ. പി. നാണു: ശമ്പള ക്രമീകരണം നടത്താത്തതുകൊണ്ട് പല അസമത്വങ്ങളും ഉണ്ടെന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: പല അസമത്വങ്ങളും ഉണ്ടെന്നറിയാം. അതു സമീകരിക്കുന്നതിലേക്ക് ഗവർമ്മെൻറ് ശ്രമിക്കുകയാണ്.

ശ്രീ. പി. നാണു: ഈ അസമത്വങ്ങൾ എന്തെല്ലാമാണെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: പല അസമത്വങ്ങളും ഉണ്ട്. അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽതന്നെ പല അസമത്വങ്ങളും കാണുന്നുണ്ട്. അതു് ഓൾഡ്ടൈപ്പ് മിഡിൽസ്കൂളിലും ന്യൂടൈപ്പ് മിഡിൽസ്കൂളിലും എല്ലാമുള്ളതാണ്. അതു് സമീകരിക്കണമെന്നുള്ള സംഗതി ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്.

ശ്രീ. പി. നാണു: ഈ അസമത്വങ്ങൾ ഇപ്പോൾ ഉണ്ടായതോ അതോ മുമ്പേ ഉള്ളതാണോ?

ശ്രീ. എൽ. എം. പൈലി: ഈ അസമത്വങ്ങൾ എല്ലാം പഴയതാണ്. ഇതെല്ലാം പരിഹരിക്കുന്നതിലേക്ക് ഗവർമ്മെൻറ് അടിയന്തിരമായി നടപടി എടുത്തുവരികയാണ്.

തറികളുടെ എണ്ണം

* ൧൮൪. (൨൨) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നൂലിനു കൺട്രോൾ ഏർപ്പെടുത്തിയശേഷം തറികളുടെ കണക്ക് എടുത്തിട്ടുണ്ടോ;

(ബി) ഇപ്പോൾ തറി ഉടമസ്ഥർക്ക് നൂൽവിതരണം ചെയ്യുന്നതു് ഏതു അടിസ്ഥാനത്തിലാണ്?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഉണ്ട്.

(ബി) തറികളുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി.

ശ്രീ. പി. കെ. കുമാരനാചാരി: തറികളുടെ എണ്ണം എത്രയാണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: ൮൨,൧൧൬.

ശ്രീ. പി. കെ. കുമാരനാചാരി: ഇതെന്നു നടത്തിയ സർവ്വെ അനുസരിച്ചാണ്.

ശ്രീ. കെ. എം. കോര: ഏതാനും മാസങ്ങൾക്കു മുൻപു നടത്തിയ സർവ്വെ അനുസരിച്ചാണ്.

ശ്രീ. പി. കെ. കുമാരനാചാരി: ആ തറികൾക്കു ആവശ്യമുള്ള നൂൽ കിട്ടുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ആവശ്യത്തിനുള്ള നൂൽ കിട്ടുന്നില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ: തറികൾ കൈമാററം ചെയ്താൽ അവർക്കു നൂൽ കിട്ടുന്നില്ലായെന്നറിയാമോ?

ശ്രീ. കെ. എം. കോര: അങ്ങനെ ചില പരാതികൾ കിട്ടിയിട്ടുണ്ട്.

ശ്രീ. പി. നാണു: വർക്കിംഗ് കണ്ടീഷനിലുള്ള തറികൾ മാത്രമാണോ സെൻസസിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്?

ശ്രീ. കെ. എം. കോര: അതേ.

ശ്രീ. പി. നാണു: ഈ വർക്കിംഗ് കണ്ടീഷൻ എന്നുള്ളതിനു അതിലേക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ പല വ്യാഖ്യാനങ്ങളും കൊടുത്തു സെൻസസ് എടുത്തിട്ടുള്ളതുകൊണ്ട് പല തറികളുടെയും കണക്കെടുത്തിട്ടില്ലായെന്നു ഗവൺമെൻറിനറിയാമോ?

ശ്രീ. കെ. എം. കോര: അങ്ങനെയുള്ളതായി അറിവില്ല.

ശ്രീ. പി. നാണു: അങ്ങനെ പലതറികളും ഉൾപ്പെടുത്തിയിട്ടില്ലാ എന്നുള്ളതിനെക്കുറിച്ചു ഗവൺമെൻറിനു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഈ യന്ത്രങ്ങൾ ഉപയോഗിച്ച് നെയ്ത്തു നടക്കുന്ന സ്ഥാപനങ്ങൾക്ക് നൂൽ കിട്ടുന്നില്ലായെന്നുള്ള സംഗതി ഗവൺമെൻറിനറിയാമോ? അതുസംബന്ധിച്ചു ഗവൺമെൻറ എന്തുനടപടി നടത്തിയെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അക്കാര്യവും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇപ്പോൾ ഓരോ തറിക്കും എത്ര നൂൽ വീതം വിതരണം ചെയ്തിട്ടുണ്ട്?

ശ്രീ. കെ. എം. കോര: ഇപ്പോൾ ഓരോ തറിക്കും $\frac{1}{4}$ മുതൽ $\frac{1}{2}$ കെട്ടുവരെ നൂൽ കൊടുത്തുവരുന്നുണ്ട്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇപ്പോൾ ആകെ എത്ര ബയിൽ നൂൽ ഇവിടേക്കു ലഭിക്കുന്നുണ്ട്?

ശ്രീ. കെ. എം. കോര: നമ്മുടെ നാട്ടിൽ ഉണ്ടാക്കുന്നതു് ൧൨൪൫ ബയിലും സ്റ്റേറ്റുകോട്ടാ ൧൩൨൯ ബയിലുമാണ്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഇവിടെ ഉണ്ടാക്കുന്ന നൂൽ വെളിയിലേക്കു അയക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: അതു ഇൻഡ്യാഗവൺമെൻറിൻെറ നിർദ്ദേശം അനുസരിച്ചു പ്രവർത്തിക്കുക എന്നുമാത്രമാണ് ഈ ഗവൺമെൻറ ചെയ്യുന്നതു്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഇവിടെ ഉല്പാദിപ്പിക്കുന്ന നൂൽ ഇവിടെത്തന്നെ വിതരണം ചെയ്യാൻ സാദ്ധ്യമല്ലേ?

ശ്രീ. കെ. എം. കോര: അതു ഇൻഡ്യാഗവൺമെൻറിൻെറ നിർദ്ദേശം അനുസരിച്ചുസെററ് ആഫ് ചെയ്യുന്നതാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: വെളിയിൽനിന്നു വരുന്നതും ഇവിടെ ഉണ്ടാക്കുന്നതുമായ നൂൽമുഴുവനും ഇവിടെത്തന്നെ വിതരണം ചെയ്യേണ്ടതാണെന്നു ഗവൺമെൻറ മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ഇവിടെ ഉണ്ടാക്കുന്നതു് ൧൨൪൫ ബയിൽ മാത്രമാണ്. അതു ൧൯൫൧ മേയ് മാസം മുതലാണ് ഇൻഡ്യാഗവൺമെൻറിൽനിന്നും ഇവിടെ വിതരണം ചെയ്യുന്നതിനു നിർദ്ദേശം കിട്ടിയതു്. വെളിയിൽനിന്നും കിട്ടുന്നതു് ൧൩൨൯ ബയിലാണ്.

ശ്രീ. എ. ഈശ്വരമേനോൻ: ഈ കാൽക്കെട്ട് നൂൽ ഒററത്തറിക്കാരനു് എന്തു ആവശ്യത്തിനാണ് കൊടുക്കുന്നതു്?

ശ്രീ. കെ. എം. കോര: റേഷൻ കിട്ടുന്നതനുസരിച്ചും ഉണ്ടാകുന്നതു അനുസരിച്ചുമാണ് വിതരണം ചെയ്യുന്നത്.

Sri. K. Sivarama Pillai: Is the Government aware that 60's and 80's have not been distributed for the last one month?

Sri. K. M. Korah; Government are not aware. On the other hand, Government are aware of the fact that nobody wants that.

SABARIMALA CASE

***185 [23] Sri. A. K. George:** Will the hon. Chief Minister be pleased to state whether it is a fact that the Government have issued orders to stop further police enquiries about the Sabarimala case?

Chief Minister **(Sri. C. Kesavan):** No.

ശ്രീമതി. ആനിമസ്ക്രീൻ: സർ, ഇനി എത്രനാൾ കൂടിവേണം ഇങ്ങനെയൊരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന്?

Mr. Speaker: The question is disallowed.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ കേസിൽ ചില പ്രമുഖ വ്യക്തികൾ കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് ശ്രീ. കേശവമേനോന്റെ റിപ്പോർട്ടിൽ ഉള്ളതുകൊണ്ടാണ് ആ റിപ്പോർട്ട് വെളിപ്പെടുത്താത്തതെന്നുള്ളത് പരമാർത്ഥമാണോ?

Mr. Speaker: The question contains an inference. The question is disallowed.

Written Answers

കണ്ടിൻജൻസി ജോലിക്കാർ

***186 [26] Sahib Bahadur T. A. Moideen Kunju:**

താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

പെർമെനന്റും ടെമ്പററിയും എസ്റ്റാബ്ലിഷ്മെന്റ് എൻ.ജി.ഒ.മാർക്ക് ഡിയർനസ്സ് അലവൻസ് കൂട്ടിക്കൊടുത്തപ്പോൾ കണ്ടിൻജൻസി ജോലിക്കാർക്ക് എന്തുകൊണ്ട് കൂട്ടിക്കൊടുത്തില്ല?

ധനകാര്യവും, ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

വിവിധതരത്തിലുള്ള കണ്ടിൻജൻസി ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ആവശ്യമായ വിവരങ്ങൾ ഡിപ്പാർട്ടുമെന്റ് മേധാവികളിൽ നിന്നും ശേഖരിച്ചു വരുന്നുണ്ട്. അതു പൂർത്തിയായാലുടൻ ഈ സംഗതിയിൽ വേണ്ട ഉത്തരവു പുറപ്പെടുവിക്കുന്നതാണ്.

തിരുവനന്തപുരം ടെന്നീസ് ക്ലബ്ബ്

*൧൮൭ (൨൯) ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ശ്രീ. രാമാനുജ അയ്യങ്കാർ കൊല്ലം ഡിസ്ട്രിക്ട് കലക്ടർ ആയിരുന്നപ്പോൾ തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിന്റെ ആവശ്യത്തിനായി അദ്ദേഹം തിരുവല്ലാ, ചെങ്ങന്നൂർ മുതലായ സ്ഥലങ്ങളിലെ പല വ്യക്തികളിൽ നിന്നും പണം പിരിച്ചിട്ടുണ്ടോ?

Put by Sri. K. A. Mathew with the permission of the Chair.

(ബി) ഉണ്ടെങ്കിൽ പണം നൽകിയവരുടെ പേരുകളും അവർ നൽകിയ തുകകളുടെ സംഖ്യയും എന്തു്?

(സി) ഇപ്രകാരം പണം പിരിച്ചതു് ആരുടെ നിർദ്ദേശം അനുസരിച്ചാണു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ), (ബി), (സി) ഗവൺമെന്റിനു് അറിവില്ല.

TRAVELLING ALLOWANCE

*188. [30] **Sri. Neelakantaru Pandarathil:** Will the hon. Chief Minister be pleased to state.—

(*a*) travelling allowance claimed by each Minister since commencement of this financial year to date; and

(*b*) whether the figure includes T. A. drawn in connection with journey involved in building up the party such as meeting members of High Command, etc., in various parts of the Union?

Chief Minister **(Sri. C. Kesavan):**

(*a*) The T. A. drawn by each of the hon. Ministers upto the end of August 1951 is given below:—

Hon'ble Chief Minister Sri. C. Kesavan	Rs. 2,811—4—0
Hon'ble Minister Sri. A. J. John	Rs. 977—4—0
Hon'ble Minister Sri. T. K. Narayana Pillai	Rs. 2,138—0—0

(*b*) No. Such items of expenditure are not admissible in audit.

ട്രാൻസ്പോർട്ടു് സർവ്വീസുകൾ

*൧൮൯ (ന ൭) ശ്രീമതി ദേവകിഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ബസ്സ് സർവ്വീസ് നടത്തുന്ന എല്ലാലൈനുകളിലും ദൈനംദിനം യാത്രക്കാർ കൂടി വരുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ വർദ്ധനവു് അനുസരിച്ചു് ട്രാൻസ്പോർട്ടു് ലൈനുകളിൽ ഗവൺമെന്റു് ബസ്സുകൾ കൂടുതൽ ഇട്ടിട്ടുണ്ടോ?

(സി) ട്രാൻസ്പോർട്ടു് സർവ്വീസ് ഗവൺമെന്റിൽ നിന്നും നടത്തുന്നതു് യാത്ര ചെയ്യുന്ന പൊതുജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചാണോ അതോ ലാഭം നോക്കിയാണോ എന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) പൊതുജനങ്ങളുടെ സൗകര്യത്തിനു മുൻഗണന നൽകുന്നതോടൊപ്പം സാമ്പത്തികമായുള്ള പുരോഗതിക്കും തക്ക പ്രാധാന്യം കൊടുത്തു വരുന്നുണ്ടു്.

UNSTARRED QUESTION

MONAZITE FACTORY

5. [4] **Sri. P. S. Nataraja Pillai:** Will the hon. Minister for Industries be pleased to state how long is it the monazite factory at Colachel has been closed down; whether there is any prospect of that factory resuming work; and if so, when?

Answer

There were two Monazite factories at Manavalakurichi near Colachel, one belonging to the Travancore Minerals Company and the other to Messrs Hopkin & Williams Ltd. Both the factories were closed in 1948. The Travancore Minerals Company has since been purchased by the Government, and Government are remodelling their monazite factory at Manavalakurichi so that work may be resumed soon. Government have no information when the factory of Messrs Hopkin & Williams Ltd. will be re-opened.

Point of Order re. Sry. Thankamma N. Menon

Sri. P. Nanoo: Sir, on a point of order. I understand from the Members of the House that a lady who was recently elected as Member of this House has not been sworn in. I further understand that that lady has sent up a letter of resignation to the Hon. Speaker. May I know, Sir, whether the lady is entitled to occupy a seat assigned to the Members of this hon. House?

Mr. Speaker: Regarding the point of order raised by Mr. Nanoo I have to state that it has been notified that Sry. Thankamma N. Menon has been elected as a member of this hon. House. She is to occupy a seat for the purpose of being sworn in and for that purpose alone.

With regard to the other question raised, it is a matter that would arise before she is sworn in. The objection, if any, will be considered then.

Sri. P. Nanoo: May I know whether she has sent up a lettar of resignation to the Speaker?

Mr. Speaker: I have already ruled that all objections will be considered before she is sworn in.

Motions of No-Confidence against Government

Mr. Speaker: Notice have been received of two motions of no-confidence and they have been printed and circulated among the hon. Members. The first in the order of priority stands in the name of Mr. Gnanasigamoni. I am afraid the motion of Mr. Gnanasigamony is out of order. The motion is sent in under Rule 30 of the Legislative Assembly Rules. According to that rule; "A motion expressing want of confidence in the Council of Ministers may be made", etc. According to the wording used by Mr. Gnanasigamoni, this is not a motion expressing want of confidence in the Council of Ministers. I would like to hear the Advocate-General on the point to see whether the motion is in order or not.

Advocate-General **(Sri. Taikad N. Subramania Aiyar):** Sir, under rule 30 of the Legislative Assembly Rules, a motion expressing wsnt of confidence in the Council of Ministers may be made subject to the following restrictions, namely,—(*a*) leave to make the motion must be asked for after questions and before the list of business for the day is entered upon"; etc. Under the Constitution, the Government as such takes in the Legislature no doubt, but the words are not interchangeable, and the concept "Legislative Assembly" is not the same thing as Government.

I might, Sir, in this connection invite the attention of the hon. Members to Article 163 (1) of the Constitution. It says: "There shall be a Council of Ministers with the Chief Minister at the head to aid and advice the Governor in the exercise of his functions, except in so far as he is by or under this Constitution required to exercise his functions or any of them in his discretion." Article 154 (1) says: "The executive power of the State shall be vested in the Governor and shall be exercised by him either directly or through officers subordinate to him in accordance with this

Constitution." It will also be seen from Article 164 (2) that "The Council of Ministers shall be collectively responsible to the Legislative Assembly of the State."

I might also submit, Sir, that in the matter of exercising legislative authority independent of the Assembly, the Rajpramukh has also powers which are distinct from those exercised by the Assembly. It is only the Council of Ministers who are really responsible to this Assembly and in so far as Government is something that is legally distinct from the Assembly, the motion of no-confidence against "the Government" obviously includes the legislative authority of the Government, the executive officers and everybody else—the whole block of authority in the State: executive, legislature and judicial.—The term "Government" takes in all these three branches of administration. It is perfectly open to this hon. House to call in question the acts of the Ministers and also to table a motion of no-confidence in the "Council of Ministers". A motion of want of confidence in "the Government" which is a larger idea or a larger concept, in my humble view, is not permissible in the scheme of the Constitution and particularly under Rule 30 of the Assembly Rules.

Sri. A. Chidambaranatha Nadar: Are we to understand that the present Ministers of a democratic country like this do not constitute Government?

Sri. Taikad N. Subramanya Aiyar: The Ministers may be part of the Government, but they are not the whole Government. This exact question arose in a case which was reported in 1947 Federal Court in which it was held that the Council of Ministers is not part of the Government, because the question that arose in that case was as to whether the bringing into hatred or contempt of the Ministers, will be bringing into hatred and contempt of the Government for the time being. The Federal Court held that the Ministers under the Government of India Act 1935 read with the Act of 1947 will not be Government. The matter went up to the. Privy Council in 1948, and the Privy Council held that the Ministers were also part, of the Government. The idea is, when you say want of confidence in the Government, you are passing a vote of censure, as it were, on the Ministers, and the motion may be defeated, but the question is, what exactly is the scope of that motion. The motion is not limited to those entities over whom the Legislature exercises authentic control but takes in other persons and other authorities who are not really subject to the disciplinary jurisdiction of this Assembly. That to my mind is not permissible, because, after all, Government is a larger organisation or a larger body than the Council of Ministers. It is only the Council of Ministers who are responsible to this House. Their acts are subject no doubt to the scrutiny of this Assembly but when you say "Government" which has got so many branches and so many acts which are not limited merely to the exercise of legislative authority, you are doing something that is beyond the competence, if I may say so with very great respect, of this Assembly.

Sri. D. Gnanasigamoni: The learned Advocate-General is trying to mak a nice distinction between the Government and the Council of Ministers which destinction does not exist as a fact so far as this matter is concerned. I would like ito bring to the notice of the House that these words "Government" and "Council of Ministers" are interchangeable as is evident from the rules themselves. So far as the motion of no-confidence is concerned, it is governed by other considerations than that put forward by the learned Advocate-General. For your kind attention, I would read Rule 21: "In matters which are or have been the subject of controversy between the Government of Indian Union and the Government of the State, no question shall be asked except as to matters of fact, and the answer shall be confined to a statement of facts." So, according to this rule, as interpreted by the learned

[Sri. D. Gnanasigamoni]

Advocate-General, you can only ask questions in respect of matters for which the Council of Ministers are alone responsible.

Again, Sir, under Rule 22, under item (9), it is said: "It shall not refer to any matter which is under adjudication by a court of law or which is not primarily the concern of the State Government." So, it does not say, "Council of Ministers." The learned Advocate-General may discover that it has a particular meaning. He has carefully avoided a direct reference to this question with the practice obtaining in England. In the larger sense, it can convey only that meaning and nothing else, and the words "Government" and "Council of Ministers" are interchangeable. This is the form in which censure motions are moved in England. That is my submission.

Mr. Speaker: Regarding this matter, the primary thing that we have to look into, is the the rule itself. The rule says: "A motion expressing want of confidence in the Council of Ministers," may be made. Now, there is no motion expressing want of confidence in the Council of Ministers. The wording contained in this rule is supported by the general arguments supplied by the learned Advocate-General. I have gone through the relevent articles of the Constitution mentioned by the learned Advocate-General, and there are other arguments also in support of the position. That is, we can contemplate a state of affairs in which a Government can be run under the Constitution without a Council of Ministeas. Under the emergency powers contained therein, the Rajpramukh can take over the Government and run it himself without the help of the Council of Ministers. So much so a situation can arise when there can be a Government without a Council of Ministers. Therefore, we have to take it that the wording contained in this rule is very guarded and it is supported by the general arguments that have been put forth by the learned Advocate-General. Considering all these aspects, I do not agree with the arguments advanced by Mr. Gnanasigamoni that the "Government" and the "Council of Ministers" are words interchangeable. I rule this motion out of order, and I do not call upon the hon. Member to ask for leave for the introduction of this motion.

Sahib Bahadur A. Abdul Razaak: Sir, on a point of information. May I know whether there is any provision in the Constitution to remove, or to express want of confidence in, the Advisory regime headed by the Rajpramukh or the Governor as the case may be?

Mr. Speaker: So far as I know, there is no provision like that.

Order, order. The next motion standing in the list is sent by Mr. Moideenkunju,

Sri. A. Thanu Pillai. Sir, a point of order. Should not the Chair call upon the Member to make his motion for leave and then disallow the motion? Can the Chair refuse to call upon the Member to make his motion for leave without any motion before the House? In that sense, how can the Speaker say: "I do not call upon the Member to make his motion?"

Mr. Speaker: If the motion is clearly out of order, I need not call upon the Member to request for leave.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: സർ, ഞാൻ ഈ പ്രമേയം അവതരിപ്പിക്കുകയാണ്.

Mr. Speaker: The hon. Member can ask for leave. He cannot make any speech at this stage.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ഞാൻ കൊടുത്തിട്ടുള്ള അവിശ്വാസപ്രമേയത്തിന്റെ പകർപ്പ് ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് എല്ലാവർക്കും കിട്ടിയിരിക്കുമെന്ന് വിശ്വസിക്കുന്നു. ആ പ്രമേയം അവതരിപ്പിക്കുന്നതിന് ഈ സഭയുടെ അനുവാദം ഞാൻ ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. അതിലേക്ക് കുറഞ്ഞത് ൪൦ പേരെങ്കിലും....

Mr. Speaker: The hon. Member cannot make such observations. He can only request for leave.

ശ്രീ. മന്നത്തുപത്മനാഭപിള്ള: സർ, ബഹുമാനപ്പെട്ട സ്പീക്കർ എന്താണ് പറഞ്ഞതെന്ന് മനസ്സിലായില്ല. അതുകൊണ്ട് മലയാളത്തിൽകൂടി പറഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് ഈ പ്രമേയം അവതരിപ്പിക്കുവാൻ സഭയുടെ അനുവാദം ചോദിക്കാം. അല്ലാതെ ഈ അവസരത്തിൽ മറ്റൊന്നും പ്രസ്താവിക്കുവാൻ പാടില്ല എന്നാണ് ഞാൻ പറഞ്ഞത്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ഈ പ്രമേയം അവതരിപ്പിക്കുന്നതിന് സഭ അനുവദിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker: The motion of Mr. Moideen Kunju is in order. I shall read the motion to the Assembly.

"ജനങ്ങളുടെ ജീവൽപ്രശ്നങ്ങളായ ഭക്ഷ്യധാന്യം, വസ്ത്രം ഇവയുടെ സംഭരണ വിതരണ വിഷയത്തിലും മറ്റും ഗവർമ്മെൻറ് സംപൂർണ്ണമായി പരാജയമടഞ്ഞിരിക്കകൊണ്ടും, പൊതുതെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഈ സന്ദർഭത്തിൽ ലോകത്തിൽ ഒരു രാജ്യത്തും നടന്നതായി കേട്ടുകേൾവിപോലുമില്ലാത്ത തരത്തിൽ പൌരസ്വാതന്ത്ര്യ ഭഞ്ജകങ്ങളായ നിരോധനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതിൽ നിന്നും അടുത്ത പൊതുതെരഞ്ഞെടുപ്പ് ഈ മന്ത്രിസഭയുടെ കാലത്ത് നടന്നാൽ അത് സ്വതന്ത്രമായിരിക്കാനിടയില്ലാത്തതുകൊണ്ടും ജനങ്ങൾക്ക് ഈ മന്ത്രിസഭയുടെ മേൽ വിശ്വാസം നശിച്ചിരിക്കുന്നതിനാൽ ഈ സഭക്ക് തിരുവിതാംകൂർ-കൊച്ചി മന്ത്രിസഭയിലുള്ള അവിശ്വാസം രേഖപ്പെടുത്തിക്കൊള്ളുന്നു".

I request the hon. Members who are in favour of leave being granted to rise in their places.

The following members stood up.

1. Sahib Bahadur A. Abdul Razaak
2. Sri. A. Achuthan
3. ,, P. C. Adichan
4. ,, S. Ambrose
5. Sry. Annie Mascarene
6. Sri. Chellaswami Nadar
7. ,, A. Chidambaranatha Nadar
8. ,, N. Daniel Jose
9. ,, Elias (Mary Antony)
10. ,, Gabriel Nadar
11. ,, Gasper D'Silva
12. ,, P. C. George
13. ,, D. Gnanasigamoni
14. ,, P. Gopalakrishna Menon
15. ,, Mannar Gopalan Nayar
16. ,, Kannara Gopala Panicker
17. ,, K. K. Kannan
18. ,, P. K. Krishnan Sastri
19. Sri. N. K. Krishna Pillai
20. Sri. P. K. Kumaran Asari
21. Sahib Bahadur T. A. Moideen Kunju
22. Sri. P. S. Nataraja Pillai
23. ,, N. Neelakantaru Pandarathil
24. ,, K. P. Nilakanta Pillai
25. ,, Mannathu Padmanabha Pillai
26. ,, A. K. Patchu Pillai
27. ,, K. Ramachandran
28. ,, K. Ramakrishna Achari
29. ,, R. K. Ram
30. ,, Raphael J. Rodriguez
31. ,, R. Sankar
32. ,, K. Sivarama Pillai
33. ,, Ponnara. G. Sreedhar
34. ,, A. Thanu Pillai
35. ,, U. K. Vasudevan Asari
36. ,, Kalathil Velayudhan Nair

Mr. Speaker: 36 members have risen in their seats in support of the motion for leave being granted. This shows that leave is refused. I, therefore, inform the hon. Member that he has not the leave of the house.

PAPERS LAID ON THE TABLE

Chief Minister **(Sri. C. Kesavan):** I beg to lay on the table the Reports of the Public Service Commission on the work done by them for the periods from 17th August 1949 to 25th January 1950 and from 26th January 1950 to 31st March 1950, as required under 323(2) of the Constitution. (Placed in Library)

LEGISLATIVE BUSINESS

The Travancore-Cochin Civil Courts Bill—(Third Reading)

Minister for Industries and Labour **(Sri. P. K. Krishnankutty Menon):** Sir, I move that the Travancore-Cochin Civil Courts Bill as amended be passed.

Minister for Public Works **(Sri. G. Chandrasekhara Pillai):** Sir, I second it.

The question that the Travancore-Cochin Civil Courts Bill be passed was put and carried.

The Bill was passed.

THE CODE OF CIVIL PROCEDURE (TRAVANCORE-COCHIN) AMENDMENT BILL

Minister for Industries and Labour **(Sri. P. K. Krishnankutty Menon):** Sir, I beg to present the report of the select committee on the Code of Civil Procedure (Travancore-Cochin) Amendment Bill.

സർ, ഈ ബിൽ ഈ സഭയിൽതന്നെ അവതരിപ്പിച്ച് സെലക്ട് കമ്മററിയുടെ പര്യാലോചനക്ക വിഷയമാക്കിയിട്ടുള്ളതാണ്. ഇന്ത്യൻ സിവിൽ നടപടി നിയമത്തിലെ ൧൦൦-ാം വകുപ്പ് ൧-ാം ഉപവകുപ്പിൽ ഹൈക്കോടതിയിലേക്ക് രണ്ടാംവകുപ്പിൽ ചില സന്ദർഭങ്ങളിൽ കൊടുക്കുവാൻ ഒരു ഭേദഗതി ഈ ബിൽ കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നു. ഭേദഗതിയെ സംബന്ധിച്ച് സെലക്ട് കമ്മിററി പര്യാലോചിക്കുകയും ഇതു് ആവശ്യമാണെന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

Minister for Public Works **(Sri. G. Chandrasekara Pillai):** I second it.

The Motion was adopted.

Sri. P. K. Krishnankutty Menon: I move that the Bill as reported by the Select Committee be taken into consideration.

Sri. G. Chandrasekhara Pillai: I second it.

The Motion was put and carried.

Clauses 2 and 3

The question that clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

The question that clause 3 stand part of the Bill was put and carried.

Clause 3 was added to the Bill.

Clause 1 and Preamble

The question that clause 1 and the Preamble stand part of the Bill *was put and carried.*

Clause 1 and the Preamble were added to the Bill.

Title

The question that the Title stand part of the Bill was put and carried.

The Title was added to the Bill.

Sri. P. K. Krishnankutty Menon: I move that the Code of Civil Procedure (Travancore-Cochin) Amendment Bill be passed.

Sri. G. Chandrasekhara Pillai: I second it.

The question that the Bill be passed was put and carried.

The Bill was passed.

The Travancore-Cochin Police Bill—*(cont.)*

Sri. P. S. Nataraja Pillai: I was submitting yesterday that Clause 25 of the Bill is one which will affect the civil liberty of the citizens. Therefore, it is unnecessary and unwanted. In this connexion, I have only to say a word more. Under the form of Government in which we are now living, we must remember that citizens have a greater right than they had under former regimes. Unless the Government is prepared to realise the full implications of democracy and its form of Government and recognise liberty of speech and liberty of action as sacred, no useful result will ensue from this form of Government. The two things are intervoven in such a way as to form the basic conception of democracy and that form of Government. With these rights alone can such a form of Government be of use to the people. But under the wording in Section 25 the executive officer has a discretion to restrict both. Whenever he thinks necessary, he can prohibit the exercise of the basic right of the citizen which he is freedom of speech. The executive officers' opinion that it will not be in the interest of the country to allow a particular man to have his say in public is enough to enable him to prohibit that man from uttering a word in public. That is an infringement of a very important part of an individual's right. Restrictions on the exercise of individual rights must be in consonance with the fundamental rights that are guaranteed to the people at large. Every citizen must have the liberty to exercise his right of free speech which is inherent in him. What I therefore plead is no right should be vested in an executive officer of Government to be exercised in the manner he likes to restrict the right of the individual. I am prepared to concede that occasions may arise when the right of free speech will have to be curtailed when there are legitimate grounds as to inflame religious animosity or hostility between different classes, or to incite the commission of an offence, a disturbance of the public peace, or resistance to law or lawful authority. If these consequence are expected to follow out of a public speech then in the interest of the country or society at large, the right of freedom can be curtailed. Power may be granted to the District M gistrate to do so. As it is under the Criminal Procedure Code that is in force, the District Magistrate can exercise his authority to curtail the liberty of free speech of a citizen under certain conditions. What more does the Government want. That is my question. I cannot reasonably understand why Government cannot be contented with the powers that are vested in the District Magistrate to prohibit a man from indulging in activities which will endanger the life or property of individuals or cause disturbance to public order and peace. The wording is found in the Code itself. I ask, why should additional powers be drafted on to the executive officer and that too without any review by a judicial authority. I may go to the extent of saying that that executive officer may take such action as to endanger peace in the land in the same way as the individual may think his speech will be in the interest of the people of the land. So there is room for clash of interests. So it is better to leave the matter to be adjudicated by a judicial officer. Whenever the exercise of a right is to be curtailed, provisions of the Criminal Procedure Code afford ample scope. There is also appeal to the higher authority in that matter. Therefore, what I submit is that the clause may be deleted.

ശ്രീ. ഏ. കെ. പാച്ചുപിള്ള : ൨൭-ാം വകുപ്പനുസരിച്ച് ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് അസാധാരണമായ പല അധികാരങ്ങളും കൊടുത്തിരിക്കുന്നതായി കാണാം. ൨൭-ാം വകുപ്പ് ഇവിടെ ഹാജരാക്കിയിരിക്കുന്നതുപോലെ കാണുന്നതിൽ പല തകരാറുകളുമുണ്ട്. ഈ വകുപ്പ് മുഴുവൻ അപഗ്രഥനം ചെയ്തുനോക്കിയാൽ ഒരു വ്യക്തിയുടെ മേലൊ പൊതുജനങ്ങളുടെ മേലൊ നിരോധനം ഏർപ്പെടുത്തുന്നതിനാകാം; പ്രസംഗിക്കാതിരിക്കാനാകാം; കൈക്രിയ കാണിക്കാതിരിക്കുന്നതിനാകാം; മററുവിധത്തിൽ അസാന്മാർഗ്ഗികമായ ച്ഛായയുള്ള ഏതെങ്കിലും പ്രവൃത്തികൾ ചെയ്യാതിരിക്കുന്നതിനാകാം; പടം കാണിക്കുന്നതിനുപോലും നിരോധിക്കാൻ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് അധികാരമുണ്ട്. അപ്രകാരമുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുന്ന ഒരാളേയൊ ഒരു ജനസമൂഹത്തെയോ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് നിരോധിക്കുന്നതിന് അസാധാരണമായ അധികാരം ഈ വകുപ്പുകൊണ്ട് നൽകിയിരിക്കുന്നതായി കാണാം.

ഇതിൻെറ സ്വഭാവം എങ്ങിനെയിരിക്കുന്നതാണെന്ന് ഒന്നും രണ്ടും ഉപവകുപ്പുകൾകൊണ്ട് വെളിവാകുന്നുണ്ട്.

(*i*) may be of a nature to outrage mortality or decency; or

(*ii*) are likely, in the opinion of the magistrate, to inflame religious animosity or hostility between different classes, or incite to the commission of an offence, to a disturbance of the public peace, or to resistance to law or lawful authority".

സാന്മാർഗ്ഗികമല്ലാത്ത ഏതെങ്കിലും ഒരു പ്രവൃത്തിയിൽ നിന്ന് ഒരു കക്ഷിയേയൊ ഒരാളിനേയൊ നിരോധിക്കുന്നതിന് അധികാരം വേണ്ടേ എന്നു തോന്നിയേക്കാം. ഒരാളുടെ പ്രവൃത്തിയുടെ ഫലമായുണ്ടാകുന്ന വികാരങ്ങളാലാണ് അതു സാന്മാർഗ്ഗികമോ അല്ലയോ എന്നു തീരുമാനിക്കേണ്ടതു്. എങ്ങനെയാണ് ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന് ഇന്ന പ്രവൃത്തിയാണ് ഒരാൾ ചെയ്യുവാൻ പോകുന്നതെന്ന് മുൻകൂട്ടി പ്രവചിക്കുവാൻ സാധിക്കുന്നതെന്ന് ഞാൻ ചോദിക്കുന്നു? ഒരാൾ തിരുവനന്തപുരത്തോ കോട്ടയത്തോ ഒരു പ്രസംഗം ചെയ്യുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ അയാൾ പ്രസംഗിക്കുന്നതിനു മുമ്പ് അതു് അസാന്മാർഗ്ഗികമായിരിക്കും, സാന്മാർഗ്ഗിക നിഷ്ഠയെ സ്പർശിക്കുന്നതായിരിക്കും എന്ന് എങ്ങനെയാണ് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് തീരുമാനിക്കുവാൻ സാധിക്കുന്നതെന്ന് ഞാൻ ചോദിക്കുന്നു. ഒരു പ്രസംഗം ചെയ്തുകഴിഞ്ഞാൽ ആ പ്രസംഗത്തിൻെറ ഫലമായി പൊതുജനങ്ങളിൽ ഉണ്ടാകുന്ന വികാരം ഇന്നതായിരിക്കുമെന്ന് ആ പ്രസംഗം ചെയ്യുന്നതിനുമുമ്പ് ആർക്കും നിശ്ചയിക്കുവാൻ സാദ്ധ്യമല്ല. രാഷ്ട്രീയമായ കാരണങ്ങളാലോ മറെറന്തെങ്കിലും കാരണങ്ങളാലോ അയാളെക്കൊണ്ടു പ്രസംഗിപ്പിക്കാതിരിക്കുവാൻ, നിലവിലിരിക്കുന്ന ഗവൺമെൻറിൻെറ ആവശ്യത്തിന് പ്രസംഗിപ്പിക്കാതിരിക്കുന്നതിന്, ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് നിഷ്പ്രയാസം സാധിക്കും. നിങ്ങൾ പ്രസംഗിക്കുകയാണെങ്കിൽ ഇന്നയിന്ന അപകടങ്ങൾ വരും അതുകൊണ്ടു് നിങ്ങളെ പ്രസംഗിക്കുന്നതിൽ നിന്നു നിരോധിച്ചിരിക്കുന്നു എന്ന് സമ്മറിയായിട്ടു പറഞ്ഞു് യാതൊരുവക തെളിവും കൊടുക്കാതെ വെറും അഭിപ്രായത്തെ അടിസ്ഥാനമാക്കി നിരോധനാജ്ഞ കൊടുക്കാമെന്നാണ് ഈ വകുപ്പുകൊണ്ടു കാണുന്നതു്. അതു് ഇന്ത്യൻ ഭരണഘടന പ്രദാനം ചെയ്തിരിക്കുന്ന ൧൯-ം, ൧൪-ം വകുപ്പുകൾ പ്രകാരമുള്ള മൌലികാവകാശങ്ങളുടെ ഒരു ധ്വംസനമാണെന്ന് വളരെയെളുപ്പം ചൂണ്ടിക്കാണിക്കുന്നതിന് എനിക്കു സാധിക്കും,

൧൩-ാം വകുപ്പ് ഇങ്ങനെയാണ്.

"13 (1) All laws in force in the territory of India immediately before the commencement of this Constitution in so far as they are inconsistent with the provisions of this Part, shall, to the extent of such inconsistency, be void.

(2) The State shall not make any law which takes away or abridges the rights conferred by this Part and any law made in contravention of this clause shall, to the extent of the contravention, be void".

ഇതിനോടനുബന്ധമായി ൧൯-ാം വകുപ്പുകൂടി വായിച്ചുനോക്കുന്ന പക്ഷം,—

"19. (1) All citizens shall have the right.—
(a) to freedom of speech and expression,
(b) to assemble peaceably and without arms,
(c) to form associations or unions."

അതായത് ആളുകൾക്ക് സമാധാനപരമായിട്ട ആയുധമില്ലാത്ത ഒരു പ്രൊസഷൻെറ നേതൃത്വമോ പ്രൊസഷൻ തന്നെയോ പബ്ലിക്ക് സ്ഥലത്തുകൂടി കൊണ്ടു പോകുന്നതിനു നിരോധിക്കപ്പെട്ടിട്ടില്ല. അതു് ഇവിടത്തെ പൗരന്മാരുടെ ഒരു മൗലികാവകാശമാണ്. അതുപോലെതന്നെ പ്രസംഗ സ്വാതന്ത്ര്യത്തിനും ഭരണഘടനയിൽ ഉറപ്പു കൊടുത്തിരിക്കുന്നു. എന്നാൽ അതിനെ സംബന്ധിച്ച് ഒരു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട് എന്നു ഞാൻ സമ്മതിക്കുന്നു. മൗലികാവകാശത്തെ ഭഞ്ജിപ്പിക്കാതെ സ്റ്റേററിൻെറ നിലനില്പിനെതന്നെ ഇല്ലാതാക്കുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുകയാണെങ്കിൽ അതിനെ നിരോധിക്കാം. അതിനു ഭരണഘടനയുടെ ഇതര ഭാഗങ്ങളിൽ ഗവമ്മെൻറിനു അധികാരം കൊടുത്തിട്ടുണ്ട്. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുടങ്ങിയിട്ടുള്ള ഏതെങ്കിലും പ്രക്ഷോഭണങ്ങൾ നടത്തുന്നതിനും ഇന്നധികാരത്തിലിരിക്കുന്ന ഗവമ്മെൻറിനേയോ കക്ഷിയേയോ അവിടെ നിന്നു ഓടിച്ച് ആ സ്ഥാനത്ത് മറെറാരു ഗവമ്മെൻറിനെ സ്ഥാപിക്കുന്നതിനു എത്ര ശക്തിയായ പ്രക്ഷോഭണം നടത്തുന്നതിനും ഈ ഭരണഘടന സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അങ്ങിനെയിരിക്കുന്ന അവസരത്തിൽ ഇന്നു രാഷ്ട്രീയാവകാശം കൈവശം വച്ചുകൊണ്ടിരിക്കുന്ന പാർട്ടിക്ക് എതിരു പാർട്ടിയെ അധികാരത്തിൽ വരുത്താതിരിക്കുന്നതിനു അവക്കാവശ്യമുള്ള വിധം പ്രസംഗം ചെയ്യാനുള്ള സ്വാതന്ത്ര്യം കൊടുക്കാതിരിക്കുന്നതിനു എക്സിക്യൂട്ടീവു അധികാരിയായിരിക്കുന്ന ഗവമ്മെൻറിനു് ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനെക്കൊണ്ട് എതിരു പാർട്ടിയിൽപ്പെട്ട ആളുകൾക്ക് നിരോധനാജ്ഞ കൊടുക്കാമെന്നാണു ഈ ൧൪൦-ാം വകുപ്പിലടങ്ങിയിരിക്കുന്ന തത്വം. അതാണു ഞാൻ പറഞ്ഞത് ഭരണഘടന പ്രദാനം ചെയ്തിരിക്കുന്ന പൗരാവകാശവും അധികാരവും നിഷേധിക്കുന്ന ഈ വകുപ്പ് സാധുവല്ല എന്ന്.

സർ, തിരുവിതാംകൂറിൽ നിലവിലിരിക്കുന്നതായ ൧൦൫൬-ലെ ൪-ാം റെഗുലേഷനായ പോലീസ് ആക്ട് ൭൦ കൊല്ലം മുമ്പാണ് ഇവിടെ പ്രവൃത്തി ആരംഭിച്ചത്. ൭൦ കൊല്ലം മുമ്പ് നമ്മുടെ പൗരസഞ്ചയത്തിൻെറ വ്യക്തിത്വവും അവകാശവും ആ നിയമമനുസരിച്ചാണ് ചർച്ച ചെയ്യേണ്ടിയിരുന്നത്. അതിനുശേഷം വലിയവലിയ ഭരണപരിഷ്കാരങ്ങൾ വന്നു എന്നു മാത്രമല്ല ഇൻഡ്യയെ സംബന്ധിച്ചിടത്തോളവും തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളവും ഇൻഡ്യയിലുള്ള മററു സ്റ്റേററുകളെ സംബന്ധിച്ചിടത്തോളവും നോക്കുകയാണെങ്കിൽ നമ്മുടെ പൗരസ്വാതന്ത്ര്യത്തിൽ വിപ്ലവകരമായ ഒരു മാററം വന്നിട്ടുണ്ട്. അന്നു നമുക്ക് ശ്വസിക്കുവാൻ പാടില്ലാതിരുന്ന കാര്യങ്ങൾ പോലും ഇന്നു സർവ്വസ്വാതന്ത്ര്യത്തോടുകൂടി പ്രസംഗിക്കുവാൻ ഭരണഘടന നമു

[Sri. A. K, Patchu Pillai]

ക്കുവാദം തരുന്നുണ്ട്. അപ്പോൾ ൩൦ വർഷങ്ങൾക്കുമുമ്പ് ഇവിടെ നിലവിലിരിക്കുന്ന ഒരു പഴഞ്ചൻ നിയമത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ഈ ൨൭-ാം വകുപ്പ് ഇവിടെ ആവശ്യമുണ്ടോ എന്നു നോക്കണം. ഒരു സംഗതി ഈ അവസരത്തിൽ എന്റെ സ്മരണയിൽ വരുന്നു. ൧൦൯൮-ലെ ൪-ാം റഗുലേഷനിലെ ൨൬-ാം വകുപ്പാണ് ഈ ൨൭-ാം വകുപ്പ്. പ്രവർത്തന പരിപാടിയിൽ ഈ വകുപ്പിനു് എത്രത്തോളം വ്യാപ്തിയുണ്ടെന്നു അന്നു തിരുവിതാംകൂർ ഗവണ്മെന്റിന്റെ നിയമവകുപ്പിന്റെ ചുമതല വഹിച്ചുകൊണ്ടിരുന്നതായ ലാ മെമ്പർ അന്നത്തെ അസംബ്ലിയിൽ പ്രസംഗിക്കുകയുണ്ടായിട്ടുണ്ട്. അന്നു് രാജദ്രോഹകുറ്റത്തിനു് ഇൻഡ്യൻ പീനൽകോടിൽ സ്ഥലം പിടിച്ചിരുന്നതു ൧൨൪ എ. എന്ന വകുപ്പാണ്. ഇതിനകം പല പ്രക്ഷോഭകാരികളേയും ശിക്ഷിച്ചിട്ടുള്ള രാജാധിരാജനായിരിക്കുന്ന ൧൨൪ എ. വകുപ്പ് ആ നിയമത്തിൽ നിന്നു് എടുത്തുകളയാമെന്നു് ഇൻഡ്യാ ഗവണ്മെന്റു അടുത്തുനടന്ന പാർലിമെന്റിൽ നിസ്സംശയം സമ്മതിച്ചിട്ടുണ്ട്. ഇന്നത്തെ പരിതഃസ്ഥിതിക്കു് ഈ ൧൨൪ എ. വകുപ്പിൽ അടങ്ങിയിട്ടുള്ള തത്വം സ്വീകാര്യമല്ലെന്നും ഇന്നത്തെ പരിതസ്ഥിതിക്കു് അനുയോജ്യമായ രീതിയിൽ താമസംവിനാ ഈ വകുപ്പ് റദ്ദ ചെയ്യുന്നതിനായി ഒരു ബിൽ കൊണ്ടുവരാമെന്നും പ്രസ്സ് ആക്ടിനെ സംബന്ധിച്ചു നടന്ന വാദപ്രതിവാദ വേളയിൽ ഇൻഡ്യാ ഗവണ്മെന്റു കേന്ദ്ര അസംബ്ലിയിൽ സമ്മതിക്കുകയുണ്ടായിട്ടുണ്ട്. ആ നിലയ്ക്കു ആ നിയമം മറെറാരു രൂപത്തിൽ ഈ പോലീസു ആക്ടിൽ ഹാജരാക്കുക എന്നുള്ളതു് ഏററവും നിഷിദ്ധവും അപമാനകരവും ആയിരിക്കും. ൧൨൪ എ. വകുപ്പിൽ പറയുന്നതു് അതാതു കാലത്തു് ഗവണ്മെന്റിൽ ഇരിക്കുന്ന ആളുകളെ "മാററുന്നതിനു", ഗവണ്മെന്റിന്റെ പേരിൽ അവജ്ഞ ജനിപ്പിക്കത്തക്ക നിലയിൽ പ്രസംഗിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിനു് ആർക്കും അധികാരമില്ലെന്നും അങ്ങിനെ ചെയ്യുന്നതായാൽ അവർ രാജദ്രോഹകുററത്തിനു് വിധേയരാകുമെന്നും ആണ്. അതു വച്ചുകൊണ്ടാണ് അന്നത്തെ തിരുവിതാംകൂർ അസംബ്ലിയിൽ ലാ മെമ്പർ പ്രസ്താവിച്ചതു്.

"I may say without breach of confidence that as a matter of fact,in one instance a person threatened to make a speech, which, if delivered, would have been nothing less than sedition and disloyalty to Government. Fortunately it did not take place. In such cases it will not do if the District Magistrates are made to wait till the speech is delivered." പ്രസംഗം ചെയ്യുന്നതിൽനിന്നും ഒരാളെ നിരോധിക്കുന്നതു അയാൾ ഒരു പ്രസംഗം ചെയ്തിരുന്നെങ്കിൽ നിലവിലിരിക്കുന്ന ഗവണ്മെന്റിന്റെ നേരെ പൊതുജനങ്ങൾക്കു് അവജ്ഞ ജനിക്കുമായിരുന്നു; അതു് രാജദ്രോഹപരമാകുമായിരുന്നു എന്നുള്ളതുകൊണ്ടാണ് എന്നാണ് അദ്ദേഹം പറഞ്ഞതു്. അയാൾ പ്രസംഗിക്കുന്നതായാൽ അതു നിലവിലിരിക്കുന്ന ഗവണ്മെന്റിന്റെ നേരെ പൊതുജനങ്ങൾക്കു് അവജ്ഞ ജനിപ്പിക്കുന്ന തരത്തിലായിരിക്കും. അതുകൊണ്ടു അതിനെ തടയുന്നതിനുവേണ്ടി ഈ നിയമം അവിടെ സ്വീകരിക്കണമെന്നാണ് അദ്ദേഹം വാദിച്ചതു്.

"Regarding the delivery of public harangue the Member in charge observed 'The object of the provisions of this Section is to prevent the delivery of speeches, etc., which may outrage morality or decency or which may lead to a violation of law and bring about a breach of the peace or bring the lawful authority of the Government into contempt, etc., I dare say that none would deny that if a speech is likely to outrage morality or decency it is desirable to prohibit the same. I think it is

equally desirable in the latter case." (Legislative Council Proceedings dated 13th December 1918). ഇതാണു് അന്നത്തെ ലാ മെമ്പർ സവ്വപ്രധാനമായിട്ടു് ചൂണ്ടി കാണിച്ചിരിക്കുന്ന ഒരു വിഷയം. എന്നാൽ ഇന്നു നമുക്കു് അന്നില്ലാതിരുന്ന പൗരാവകാശം കിട്ടിയിരിക്കുന്നു. ഏതൊരു ഗവമ്മെൻറു നിലവിലിരുന്നാലും ആ ഗവമ്മെൻറിനേയോ ആ ഗവമ്മെൻറിൻെറ അംഗങ്ങളായ മന്ത്രിമാരേയോ ആ സ്ഥാനത്തുനിന്നു മാററി വേറൊരു ഗവമ്മെൻറിനേയോ മന്ത്രിമാരേയോ സ്ഥാപിക്കുന്നതിനു് ചില വ്യവസ്ഥാപിതമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനു് പൗരന്മാരിൽ അധികാരം നിക്ഷിപ്തമായിട്ടുണ്ടു്. ഈ അവകാശം അന്നു് ഇവിടത്തെ പൗരന്മാക്കു് ഇല്ലായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യശക്തിയെ ഇൻഡ്യയിൽ സ്ഥിരകാലം സ്ഥാപിച്ചുകൊണ്ടുപോകുന്നതിനു് അവർ ഉണ്ടാക്കിയിരുന്ന ഒരു നിയമമായിരുന്നു അതു്. ഇന്നു് അതിൻെറ ആവശ്യമില്ല. ഇന്നു് ജനായത്ത ഭരണം നിലവിലിരിക്കുന്നു. ജനങ്ങൾക്കു് ഇഷ്ടമുള്ള വിധത്തിൽ അതാതുകാലത്തിരിക്കുന്ന ഭരണത്തലവന്മാരെ മാററി അവർ ഇഷ്ടപ്പെടുന്ന ആദശങ്ങൾ പുലത്തുന്നതിനു് തക്കതായ ഭരണത്തലവന്മാരെ സ്ഥാപിക്കുന്നതിനു് ഇന്നു് അവകാശമുണ്ടു്. ആയതിലേക്കുവേണ്ട ഏതു പ്രചരണ പ്രസംഗങ്ങളും ചെയ്യുന്നതിനു് സവ്വസ്വാതന്ത്ര്യമുണ്ടു്. ആവക സ്വാതന്ത്ര്യങ്ങളെ നിഷേധിച്ചുകൊണ്ടുള്ളതാണു് ഈ വകുപ്പു്. സർ, മുപ്പതു വഷത്തിനുശേഷം നാം എത്രയോ പുരോഗമിച്ചിരിക്കുന്നു. ജനായത്തഭരണം നടപ്പിൽ വന്നിരിക്കുന്ന ഇക്കാലത്തു ഇങ്ങനെ ഒരു നിയമം ആവശ്യമുണ്ടോ എന്നാണു് നോക്കേണ്ടതു്. ശ്രീ. നടരാജപിള്ള പറഞ്ഞതുപോലെ ക്രി. നടപടിനിയമം ൧൪൪-ാം വകുപ്പനുസരിച്ചു് സൂര്യൻെറ കീഴിലുള്ള സകല സംഗതികളേയും നിരോധിക്കുന്നതിനു ജുഡീഷ്യൽ ആർഡർ കൊടുക്കുവാൻ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് അധികാരമുണ്ടു്. ജനങ്ങൾക്കെതിരായി അപ്രകാരം ഒരു ജുഡീഷ്യൽ ആർഡർ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടു കൊടുത്താൽ ഏതൊരു പൗരനും സുപ്രീം കോടതിയേയോ, ഹൈക്കോടതിയേയോ അഭയം പ്രാപിച്ചു് നിവൃത്തി നേടുന്നതിനു് മററു കാര്യങ്ങളിലെന്നപോലെ സ്വാതന്ത്ര്യം ഇക്കാര്യത്തിലില്ല. ഭരണഘടനപ്രകാരം ഒരു പൗരനു് വളരെ വിസ്തൃതമായും, വിപുലമായും പ്രദാനം ചെയ്തിരിക്കുന്ന അധികാരാവകാശങ്ങളെ സങ്കുചിതമായ രീതിയിൽ ഒരു എക്സിക്യൂട്ടീവ് അധികാരിയെക്കൊണ്ടു് കവന്നെടുക്കുന്നതിനു അധികാരമുണ്ടോ ഇല്ലയോ എന്നുള്ളതാണു് ഏററവും വലിയ പ്രശ്നം. ഭരണഘടന പാസ്സാക്കിയതിനുശേഷം ൨൭-ാംവകുപ്പു് ഉൾപ്പെടുത്തി ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നതു് ഭരണഘടന പാസ്സാക്കിയ ഗവമ്മെൻറിനോടു തന്നെ കാണിക്കുന്ന ഏററവും ഗൗരവാവഹമായ ഒരു അനീതിയാണു്. അതുകൊണ്ടു് ഈ ൨൭-ാം വകുപ്പു് എടുത്തുകളയണമെന്നുള്ള ഈ ഭേദഗതിയെ ബഹുമാനപ്പെട്ട മെമ്പറന്മാരെല്ലാവരും അനുകൂലിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

Sri. N. D. Jose: I want to point out that most of the arguments in favour of the removal of the clause from the Bill have already been adduced by the speakers before. I would like to point out, Sir, that this section gives very wide powers to the executive and this is not warranted by the circumstances now prevailing in the State. After all law has to keep pace with the changing trend of political opinion in the country. This Act was passed in 1095. After that there have been very rapid radical changes in politics and political practices in our country. We have now what may be described as a democratic Government. Under a democratic Government there should be the maximum freedom of expression. For after all, freedom is the best defence of democracy. The hon. Members who oppose this amendment may say that even if there is a section like this in the Bill the Government are not after all going to make use of this section, but that argument cannot prevail under the present circumstances.

Sri. C. Kesavan: May I tell the hon. Member that the executive will not be bringing in that argument?

Sri. N. D. Jose: Even then, I will finish with the statement that in democracy Governments are changing, another ministry may come in and another Government may come in and that Government may take it into its head to see that normal and legitimate activities are proscribed in the State ostensibly on the ground that it leads to hostilities between the various classes of persons, or hostilities between religious groups. Therefore, Sir, I argue and plead that the Government should be satisfied with the powers that they already have under the Criminal Procedure Code and under the Indian Penal Code. As it has been pointed out, there are already sufficient powers for a democratic government in this country to keep peace, law and order in the State, without resorting to any special provisions in such a special Act as the Police Bill. Therefore, I would argue strongly, Sir, that as far as this section gives unduly large powers to the executive, this section should be removed. Sir, I believe that in accordance with the changes in the political tenets, beliefs and political practices in this county the Government will accept this amendment.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ജനങ്ങളുടെ പ്രാഥമിക പൗരാവകാശങ്ങളെ നിഷേധിച്ചുകൊണ്ട് ഒരു സ്വേച്ഛാധിപത്യഭരണം ഇവിടെ എന്നും നിലനില്ക്കുന്നതിനുവേണ്ടി ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കാരുടെ കാലത്തോ മറ്റോ സൃഷ്ടിച്ചുവച്ചിട്ടുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും അതിനു അനുമതി നേടുന്നതിനു വേണ്ടിയാണ് ഈ ബിൽ ഇവിടെ ഹാജരാക്കിയിരിക്കുന്നതു് എന്നു തോന്നുന്നു. ഇൻഡ്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളെപ്പോലും നിഷേധിക്കുന്ന എത്രയോ വകുപ്പുകൾ ഈ ബില്ലിലുണ്ട്. അതിൽ ഒന്നാണ് ൨൬-ാം വകുപ്പ്. അതനുസരിച്ച് ഈ രാജ്യത്തെ ജനങ്ങളുടെ സമസ്ത സ്വാതന്ത്ര്യങ്ങളേയും നിഷേധിക്കുവാൻ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് അധികാരം നൽകിയിട്ടുണ്ട്. പ്രസംഗസ്വാതന്ത്ര്യം മാത്രമല്ല, ആംഗ്യം കാണിക്കാമെന്നുള്ള സ്വാതന്ത്ര്യംപോലും ഡിസ്ട്രിക്ട് മജിസ്ട്രേട്ട് വിചാരിച്ചാൽ തടയാം. കമ്യൂണിസ്റ്റ് നേതാവായ സഖാവ് എ. കെ. ഗോപാലൻ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം സന്ദർശിച്ച അവസരത്തിൽ കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഇതേരീതിയിലുള്ള ഒരു കല്പന അദ്ദേഹത്തിനു കൊടുക്കുകയുണ്ടായി. അതു കണ്ടപ്പോഴാണ് ഇങ്ങനെ ഒരു വകുപ്പു തന്നെ ഈ നിയമത്തിലുണ്ടെന്നു എനിക്ക് അറിയുവാനിടയായതു്. ഇതിന്റെ അർത്ഥം മനസ്സിലാക്കുവാൻ നിയമജ്ഞന്മാരുടെ സഹായം ഞങ്ങൾക്കു തേടേണ്ടിവന്നു.

Sri. C. Kesavan: May I request the Chair whether this is allowable. Whether the Member can be allowed to refer to a case that is pending in the High Court. Mr. A. K. Gopalan has put in a petition to the High Court to cancel that order.

Mr. Speaker: The hon. Member shall not refer to that case at all.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ വകുപ്പു ഇന്നത്തെ ഗവൺമെന്റ് എങ്ങിനെയാണ് നടപ്പിൽ വരുത്തുന്നതെന്നു ചൂണ്ടിക്കാണിക്കുവാൻ വേണ്ടിമാത്രം ഞാൻ ശ്രീ. എ. കെ. ഗോപാലന്റെ കാര്യം പറഞ്ഞതാണ്.

Mr. Speaker: The hon. Chief Minister has informed the House that a case is pending in the High Court at the instance of Mr. A. K. Gopalan. The hon. Member cannot refer to that case and make any comments on that.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കോടതിയിലിരിക്കുന്ന കേസ്സിനെപ്പററി ഒന്നുംതന്നെ പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ, മൊറാലിററിയുടെ പേരിലായാലുംശരി, ഡീസൻസിയുടെ പേരിലായാലുംശരി അല്ലെങ്കിൽ വർഗ്ഗങ്ങൾതമ്മിൽ കലഹിക്കുന്നതിൻെറ പേരിലായാലുംശരി, രാജ്യത്തെ മുഴുവൻ ജനങ്ങളുടേയും സ്വാതന്ത്ര്യത്തെ നിഷേധിക്കുവാനുള്ള സ്വാതന്ത്ര്യം ഈ വകുപ്പുമൂലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് കൊടുത്തിരിക്കയാണു്. ഇവിടെ ഈ നിയമവ്യാപ്തിക്കുള്ളിൽ നിന്നുകൊണ്ടു് ഒരു ട്രെയിഡ് യൂണിയൻ പ്രവർത്തനം നടത്താൻ സാദ്ധ്യമാണോ എന്നു ഞാൻ ചോദിക്കുന്നു. വർഗ്ഗങ്ങൾ തമ്മിൽ, അതായതു തൊഴിലാളിയും മുതലാളിയും തമ്മിൽ, വൈരം ജനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു എന്നു പറഞ്ഞു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് ഈ നിയമം പ്രയോഗിക്കാം. അത്ര വിപുലമായ വ്യാപ്തിയാണു് ഈ നിയമത്തിനുള്ളതു്. പത്രപ്രതിനിധികളെക്കണ്ടു് ഒരു രാഷ്ട്രീയ നേതാവിനു് സംസാരിക്കുവാനുള്ള സ്വാതന്ത്ര്യംപോലും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് നൽകാതിരിക്കാം. ഇങ്ങനെ എല്ലാവിധത്തിലും ജനങ്ങളുടെ വായ്മൂടിക്കെട്ടുന്നതിനും ഉണ്ടാക്കിയിട്ടുള്ള ഒരു നിയമമാണു് ഇതു്. ബ്രിട്ടീഷ് ഭരണകാലത്തും, ദിവാൻ ഭരണകാലത്തും കോൺഗ്രസ്സിൻെറ പേരിൽതന്നെ പ്രയോഗിക്കപ്പെട്ടിരുന്ന ഈ നിയമം ഇപ്പോൾ കോൺഗ്രസ്സ് അധികാരത്തിൽ വന്നകാലത്തു തങ്ങളെ എതിർക്കുന്നവരുടെ നേരെ പ്രയോഗിക്കുന്നതു അത്ഭുതകരമായിരിക്കുന്നു. ഇന്നു കോൺഗ്രസ്സിനു് ഇഷ്ടപ്പെടാത്ത ആരെ വേണമെങ്കിലും പിടിക്കുവാൻ ഈ നിയമം ഉപയോഗിക്കപ്പെടാമെങ്കിലും ഗവമ്മെൻറ അങ്ങിനെ ചെയ്യുന്നില്ല. ശ്രീ. ടണ്ടൻ ഇവിടെ വന്നു പ്രസംഗിക്കുന്നതു് നെഹറു പക്ഷക്കാർക്കു ഇഷ്ടമല്ലെന്നു പറഞ്ഞു അദ്ദേഹത്തിൻെറ പ്രസംഗം വേണമെങ്കിൽ നിരോധിക്കാം. മന്നം ശങ്കരന്മാർ പ്രസംഗിക്കുന്നതു കത്തോലിക്കർക്കു് എതിരാണെന്നു പറഞ്ഞു അതും തടയാം. ശ്രീ. കേശവൻ പ്രസംഗിക്കുന്നതു ജനങ്ങളിൽ ഒരു വിഭാഗക്കാർക്കു് എതിരാണെന്നു പറഞ്ഞു നിരോധിക്കാം. പക്ഷെ അതൊന്നും ചെയ്യുകയില്ല. ഈ നിയമം ഒരു പ്രത്യേക വിഭാഗക്കാരുടെനേരെ പ്രയോഗിക്കുവാൻ വേണ്ടിമാത്രം ൨൫-ാം വകുപ്പുകൂടി ചേർത്തുകൊണ്ടു വന്നിരിക്കുകയാണു്. ഇവിടെ ഒരു പൊതു തെരഞ്ഞെടുപ്പു നടക്കാൻ പോവുകയാണു്. ആ തെരഞ്ഞെടുപ്പിൽ ഗവമ്മെൻറിനു എതിരായി നിൽക്കുന്ന കക്ഷികൾക്കു് യാതൊരു സ്വാതന്ത്ര്യവും ഇതു ഇതേപടി പാസ്സാകുന്നപക്ഷം കിട്ടാൻ പോകുന്നില്ല. അത്ര ആപൽക്കരമായ ഈ വകുപ്പു എടുത്തുകളയണമെന്നുള്ള ഭേദഗതിയോടു ഞാൻ അനുകൂലിക്കുന്നു.

Sri. D. Gnanasigamoni: Is the hon, Member aware that there is an allegation that the Chief Minister is supporting the communists?.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അങ്ങിനെ ഒരാരോപണം അദ്ദേഹത്തിൻെറ പേരിലുണ്ടോ എന്നെനിക്കു് രൂപമില്ല. അതു് അദ്ദേഹം സമ്മതിക്കുമെങ്കിൽ അത്രയും നന്നു്.

Sri. A. P. Udayabhanu : Sir, I oppose this amendment; and in doing so, I would respectfully invite the attention of the House to the relevant clause:

Clause 25

"The District Magistrate may also, whenever and for such time as he may consider necessary, by notification, publicly promulgated or addressed to individuals, prohitbit the delivery of public harangues, the use of gestures or mimetic representations and preparation, exhibition or dissemination of pictures, symbols, placards or any other object or thing, which—

(*i*) may be of a nature to outrage morality or decency; or

[Sri A. P.Uhayabhanu]

(*ii*) are likely, in the opinion of the Magistrate, to inflame religious animosity or hostility between different classes, or to incite to the commission of an offence, to a disturbance of the public peace, or to resistance to law or lawful authority".

That is the provision.

Is it the contention of the hon. Members who have moved and supported this amendment that the State should allow the delivery of public harangues, the use of gestures or mimetic representations, dissemination of pictures, symbols, placards etc., etc., which may be of a nature to outrage morality or decency? if there is a move to revive.......

Mr. Speaker: Order, order.

ഈ സഭ ഇപ്പോൾ പിരിയുന്നതും രണ്ടു മണിക്കു കൂടുന്നതുമാണ്.

The House rose for lunch at 1p.m. and re-assembled at 2 p.m. with

2 p.m. *Mr. Speaker in the Chair*

Then I have to submit a word on the responsibilities of the State. Under the Constitution, the executive is not only subject to the popular control but is also to a certain extent subject to the judicially—the fountain-head of justice. In a modern State the Judiciary has the well—defined function of administering law as between the subject and state, as between citizen and citizen. The liberty of the citizen in the last resort, depends upon the independence of the judiciary and the confidence that it gives to the citizen that his rights are safe for him in a Court of Law. Justice and equity must be the criterion of any law that is enforced. Nobody would plead for a lawless State. Society needs law. There are social laws or moral laws which are enforced by the society itself. But the sanctions must be such that they fall within the bounds of law recognised by courts of justice. But here the jurisdiction of courts are ousted.

Coming back again to article 19 (2), I hope my hon. friends on the official benches are following me. When the word 'reasonable' was sought to be inserted it was argued that it was not necessary. Under the Constitution authority is given to the State to make laws. If you wilfully make a law which gives a *carte blanche* to the executive, then the rights of the citizens will be adversely affected. My hon. friend the Chief Minister was saying that the provision under article 226 gives the right to move writs in the High Court. I was told during the Select Committee stage the question whether this House has jurisdiction to enact a measure like this, was referred to the Advocate-General and the Advocate-General has given his opinion that this House has the right to enact a measure like this. That was stated on the floor of the House. If that be so, then we must be doubly careful. If we enact a law, it will be enforced by the Courts. The right of moving for a writ becomes useless because we are laying down the law how far the freedom of speech can be limited, after considering all the circumstances. Thereby we will be giving a handle to the executive, and the people will be denied the right which they have now under the constitution. So when we make this provision, we must see that we are not extending the scope of article 19 (2) by the clause we have before us.

Then, Sir, so much was said here about decency and morality. Most of my friends here are lawyers and some of my eminent lawayer friends have participated in this debate, but to an ordinary person like me, it appears that the provisions in the Penal Code under section 294 and others are sufficient to cover obsene literature, or anything like that. When there are definite provisions in the Penal Code why should you have a provision for that in the Police Act. The purport of the section is that the District Magistrate can proceed to take action on the presumption that a particular man will do some thing indecent. That is a thing which an executive

should not do. If they swear by democracy and believe in a democratic way of life and in a democratic state, where the judiciary is the fountain-head of justice, then they must not be afraid of subjecting their action to the scrutiny of the courts of justice. Then only the guarantee of the fundamental rights of the citizen will be valid.

Further more, Sir, in the chapter on Fundamental Rights—I do not clearly remember whether it is Article 31 or 32—guarantees the right to move the Supreme Court or any other Court. So it is a justiceable right. If you are restricting those fundamental rights, those actions must be justiceable. You cannot oust the jurisidiction of the courts. You cannot, in a democracy, say that the executive will be the judge and that their judgment will be final.

Sir, by national evolution we have secured some rights, i. e., the people of India have secured certain rights. The representatives of these 80 lakhs should not sell away their rights by being a party to a legislation curtailing their rights. I argued for the deletion of the whole clause. If it is not possible, my suggestion is to modify this clause, so that it may fit in with the wording of Article 19 (2) of the Indian Constitution. Therefore in my amendment I have included speeches which "are likely to inflame religious animosity or to incite the commission of an offence or to affect the interests of the security of State." My wording closely follows the wording on the amended article in the Constitution. So whenever there is a likelihood that the speeches or actions are likely to incite animosity or to affect the interests of the State, the District Magistrate may make an order. That is my position.

I think I have made clear what was in my mind.

Now I will proceed to the other proviso.

> "Every order passed by the District Magistrate under sub-section (1) of this section shall be subject to an appeal to the High Court by any one interested."

The executive Government should not indulge in hearsay evidence. Even in the amended article of the constitution you find reasonable restriction. As I told the House just now, reasonable restriction means the restrictions are justiceable. So restrictions must be reasonable. Therefore it is a matter to be decided whether a particular restriction is reasonable or not. Who is to decide that? It must be done by a competent authority. That authority can be nothing less than the judiciary. Therefore if a Magistrate passes an order, it must be subject to scrutiny by a High Court Judge. Otherwise, as my friends here stated, it will be only another repressive measure or a repressive weapon forged by this House and handed over to the executive to be kept in their armoury to suppress the rights of the people of this country. That will really be so, unless the Government is prepared to concede to the conception of a State, in which the law will be administered by Courts of Justice. The executive cannot claim special treatment or special privileges. The executive must act within the ambit of the constitution and law, and their actions must be such as will stand the test of a judicial scrutiny. Freedom of expression is one of the fundamental rights of a citizen. As long as we are living under a democratic form of government, we must preserve these rights unrestricted. Parliamentary government means government by the majority. Majority is obtained by converting the minority opinion into the majority opinion. And converting opinion is only possible through the platform. And if you are restricting that right, you are curtailing the fundamental right of the citizens. Therefore in all humility—I request the House to accept my amendment or delete the whole clause. Then only we will be doing justice to the country and to the people.

ശ്രീ. സി. കേശവൻ: ബഹു. മെമ്പർ ശ്രീ. നടരാജപിള്ളയുടെ ൧൨-ം, ൧൩-ം ഭേദഗതികളെയും ഞാൻ എതിർക്കുന്നു. ബഹു. മെമ്പർ ഇതിനുമുമ്പുതന്നെ ഈ വിവരങ്ങൾ മുഴുവൻ വിശദമായി പ്രസ്താവിച്ചിട്ടുള്ളതാണ്. അതിനു ഞാൻ മറുപടിയും പറഞ്ഞുകഴിഞ്ഞു. അതിനുശേഷം ബഹു. മെമ്പർ കൂടുതലായി യാതൊന്നുംതന്നെ പ്രസ്താവിച്ചിട്ടില്ല. പബ്ലിക്ക ആർഡർ മെൻറയിൻ ചെയ്യണം, അതിനുള്ള റിസ്ട്രിക്ഷൻ ആകാം എന്നു ൧൪-ാംവകുപ്പ് ഖണ്ഡിതമായി പറയുമ്പോൾ അതിനു ബാധകമായ വിധത്തിൽ പ്രവർത്തിക്കുന്ന ആളുകളുടെ പേരിൽ കേസെടുത്തു പ്രാസിക്യൂഷൻ നടത്താം എന്നുണ്ടെങ്കിലും അടിയന്തിരഘട്ടത്തിൽ അവയെ തടയുന്നതിനുവേണ്ടി മാത്രമേ ഈ വകുപ്പു ഉദ്ദേശിച്ചിട്ടുള്ളു. പബ്ലിക്ക് ആർഡർ മെൻറയിൻ ചെയ്യേണ്ടതു എക്സിക്യൂട്ടീവിന്റെ ചുമതലയാണ്. അപ്പോൾ അതിനെതിരായി കാണുന്ന സംഗതികളെ തീർച്ചയായും തടയേണ്ടതുമാണ്. അങ്ങിനെ തടയുവാനുള്ള അധികാരം എക്സിക്യൂട്ടീവിനു ഉണ്ടായിരിക്കണം. നിയമസമാധാനങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്മാക്കു അതിന്റെ നിർവഹണത്തിനുള്ള അധികാരങ്ങൾ കൂടി കൊടുക്കേണ്ടതാണ്. പബ്ലിക്ക ആർഡർ മെൻറയിൻചെയ്യാൻ നിവൃത്തിയില്ലാത്തവിധത്തിൽ ഏതെങ്കിലും പ്രവൎത്തനം നടത്തുവാൻ ഇടയാക്കാതെ രക്ഷിക്കുന്നതാണ് അതു നടത്തിയതിനുശേഷം കേസെടുത്തു ശിക്ഷിക്കുന്നതിനെക്കാൾ ബുദ്ധിപൂൎവ്വമായിട്ടുള്ളതു്. അതാണ് ഈ വകുപ്പു ആവശ്യപ്പെടുന്നതും. സമുദായത്തിനും രാജ്യത്തിനും ദോഷകരമായ പല പ്രവൎത്തനങ്ങളും പ്രകടനങ്ങളും നടന്നുകഴിഞ്ഞതിനുശേഷം അതിലുൾപ്പെട്ടവരുടെ പേരിൽ കേസെടുത്തു ശിക്ഷിപ്പിച്ചതുകൊണ്ടു് ഉദ്ദേശിക്കുന്ന പ്രയോജനം മുഴുവൻ ലഭിക്കുകയില്ല. അതിനാൽ ഈ വകുപ്പു ആവശ്യമാണ്. ഈ ഭേദഗതിയിൽതന്നെ വളരെ പ്രധാനമായ ഒരു കാൎയ്യം വിട്ടുപോകയും ചെയ്തു. ഈ വകുപ്പിൽ റിലിജിയസ് ആനിമോസിററി എന്നു പറയുന്നുണ്ടു്. മതവും മതവും തമ്മിലുള്ള വൈരം അല്ല പ്രധാനമായി ഇവിടെ ഉള്ളതു്. ജാതിയും ജാതിയും തമ്മിൽ, വൎഗ്ഗവും വൎഗ്ഗവും തമ്മിൽ, മതവും മതവുംതമ്മിൽ ഉള്ള വൈരത്തെ തടയുവാൻവേണ്ടിയും ഈ വകുപ്പു പ്രയോഗിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ വകുപ്പുകൊണ്ടു് പ്രയോജനമില്ല. ൧൩-ാം ഭേദഗതിയെപ്പററിയാണെങ്കിൽ മറെറാരു നിവൃത്തിമാൎഗ്ഗം കൂടിയുണ്ടു്. എക്സിക്യൂട്ടീവു അതോററിയുടെ ചെയ്തികളെ ചോദ്യംചെയ്തു നിവൎത്തിനേടുന്നതിനു് ഹൈക്കോടതിയിൽ റിറവു കൊടുക്കാം. റിറവു ഉടനെ കേൾക്കും. അതനുസരിച്ചു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ആൎഡറിൽ അബദ്ധമുണ്ടെങ്കിൽ അതു മാററാവുന്നതാണ്. അതിനാൽ അപ്പീലിന്റെ ആവശ്യം കൂടാതെ അക്കാൎയ്യം സാധിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: നിയമപ്രകാരം ഗവൎമ്മെണ്ടിനൊ അല്ലെങ്കിൽ എതിർകക്ഷിക്കൊ നോട്ടീസു കൊടുത്തു റിറവു കൊടുത്തുകഴിയുമ്പോൾ ൧൫ ദിവസത്തിൽ കൂടുതൽ എടുക്കുമല്ലോ. അപ്പോഴേക്കും നിരോധനാജ്ഞയുടെ കാലാവധി കഴിഞ്ഞുപോകയില്ലേ?

ശ്രീ. സി. കേശവൻ: അപ്പീൽ കൊടുത്താലും ഈ താമസമൊക്കെ വരികയില്ലേ?

ശ്രീ. എ. കെ. പാച്ചുപിള്ള: അവിടെ അഡ്വക്കേററു ജനറലിനെ ഉടൻ വരുത്തി ഇൻജംഗ്ഷൻ ആർഡർ മേടിക്കുന്നതിനുള്ള സാദ്ധ്യതയുണ്ടു്.

ശ്രീ. സി. കേശവൻ: എങ്കിൽ റിററിനും ആ സാദ്ധ്യതയുണ്ടു്.

ശ്രീമതി ആനിമസ്ക്രീൻ: ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിൽ സെപ്പറേററ ചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ബഹു. മെമ്പർതന്നെ ഭരിച്ചിരുന്ന കാലത്തു ഉണ്ടായിട്ടുണ്ടെങ്കിൽ ഉണ്ട്.

അതിനാൽ ഞാൻ ഈ ഭേദഗതികളെ എതിർക്കുന്നു.

The amendments were put and lost.
The question that clause 25 stand part of the Bill was put and carried.
The clause was added to the Bill.

Clause 26

Mr. Speaker : With regard to amendments Nos. 44 and 45 tabled by Sri. P. S. Nataraja Pillai, if he moves No. 44 first he cannot move No. 45. He may therefore move either No. 44 or No. 45.

Sri. P. S. Nataraja Pillai : Sir, I move No. 44. The amendment is in clause 26, insert the following as sub-clause (2):

> "Every order passed by the District Madistrate under sub-section (1) of this section shall be subject to an appeal to the High Court by any one interested."

Since the necessity for such a clause in respect of the previous clauses has already been discussed by me, I have nothing more to add. I, therefore, move the amendment for the acceptance of the House.

The amendment was put and lost.

Sri. N. D. Jose : I demand a poll.

A poll was taken when the House divided as follows.—

AYES—15

1 Sri. R. Atchuthan
2 Sry. Annie Mascarene
3 Sri. N. Daniel Jose
4 ,, Elias (Mary Antony)
5 ,, Gabriel Nadar
6 ,, Gasper D'Silva
7 ,, P. C. George
8 ,, D. Gnanasigamoni
9 ,, E. Gopalakrishna Menon
10 ,, K. K. Kannan
11 ,, P. S. Nataraja Pillai
12 ,, A. K. Patchu Pillai
13 ,, R. K. Ram
14 ,, Raphael J. Rodriguez
15 ,, Ponnara G. Sreedhar

NOES—29

1 Sahib Bahadur T. A. Abdulla
2 Sri. Abdul Majeed
3 ,, P. Balakrishnan Tampi
4 Hon'ble Sri. G. Chandrasekhara Pillai
5 Sri. Ambat Eachara Menon
6 ,, A. K. George

7 Sri, P. Gopalan
8 „ K. S. Joseph
9 „ Joseph Mathen
10 „ V. K. Joseph
11 Hon'ble Sri. C. Kesavan
12 Sri. T. T. Kesavan Sastri
13 „ N. S. Kochukunju
14 Hon'ble Sri. K. M. Korah
15 Sri. Thariathu Kunjithomman
16 „ P. Kunjukrishnan
17 Sahib Bahadur P. K. Makkaru Pillai
18 „ K. A. Muhammed
19 Sri. P. K. Paul
20 „ Paulose Pylee
21 Hon'ble Sri. L. M. Pylee
22 Sri. K. Ramakrishna Pillai
23 „ P. K. Raman
24 „ K. Sekhara Panicker
25 „ S. Sivaraman Asari
26 „ A. P. Sivaramakrishnan
27 „ A. P. Udayabhanu
28 „ N. P. Varghese
29 „ V. K. Varghese

Mr. Speaker: For the motion 15, against 29 and neutrals nil. The amendment is lost.

Sri. N. D. Jose : My amendment No. 46 reads 'omit clause 26 and renumber'.

Sir, this clause also proposed to give very wide powers to the executive. The hon. Chief Minister was telling the House that law is always the result of common agreement etc. But there were occasions where law can also be the instrnment of oppression by one class on another. That, Sir, I submit is an accepted theory by many thinkers in the world today. Now under this clause the Magistrate can prohibit processions, meetings, public meetings etc. We have already pointed out that we have passed through all those stages when meetings, processions, etc., were prohibited by the Magistrate. Sir, I want to submit that this section, if passed, will be a curtailment on the liberty of the people to assemble peacefully and without arms and, therefore, I suggest to the Government that that clause be deleted from the Bill.

Sri. A. K. Patchu Pillai : Since all the points in regard to my amendment which is similar have been discussed at length I formally second this amendment. I have nothing to add.

Sri. C. Kesavan : I oppose the amendment.

The amendment was put and lost.

The question that clause 26 stand part of the Bill was put and carried.

The clause was added to the Bill.

Clause 27

Sri. A. K. Patchu Pillai : Sir, I move:

Delete Clause 27 and renumber the remaining clauses.

This is clause 27. "The Inspector-General may subject to the orders of the Government by public notice temporarily reserve for any public purpose any street or public place, and prohibit persons from entering the area so reserved save under such conditions as may be prescribed by the Inspector-General"

ഈ വകുപ്പിനെപ്പററി ചർച്ചചെയ്യുമ്പോൾ ബഹു. അംഗങ്ങൾ ശ്രദ്ധിക്കേണ്ട വളരെ പ്രധാനമായ ഒന്നുരണ്ടു സംഗതികൾ കൂടി കൊണ്ടുവരേണ്ടതുണ്ട്. പോലീസ് ഭരണംതന്നെ ഒരു സ്റ്റേററിൽ ഉണ്ടായിട്ടുള്ളതു് പഴയ "വില്ലേജ് വാച്ച്മാൻഷിപ്പ്" എന്ന പ്രസ്ഥാനം വളർന്നുണ്ടായിട്ടുള്ളതാണെന്നാണ് നിയമശാസ്ത്രജ്ഞന്മാർ പറയുന്നതു്. ഇംഗ്ലണ്ടിലാണെങ്കിൽ ൧൮൨൯-ലും ൧൮൩൯-ലും ൧൮൫൬-ലും മൂന്നാക്റ്റുകൾകൊണ്ടാണ് അവിടത്തെ പോലീസ് സൈന്യത്തെ സംഘടിപ്പിച്ചു ഭരിച്ചുവരുന്നതു്. ൧൮൨൯-ലെ മെട്രോപ്പോലിററൻ ആക്റ്റ്, ൧൮൩൯-ലെ ലണ്ടൻ പോലീസ് ആക്റ്റ്, ൧൮൫൬-ലെ കൌണ്ടി പോലീസ് ആക്റ്റ് ഇങ്ങനെ മൂന്നാക്റ്റുകളുടെ പ്രവർത്തനമാണ് ഇംഗ്ലണ്ടിലെ പോലീസ് ഭരണത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതു്. ഇങ്ങനെയുള്ള മൂന്നാക്റ്റുകളുടെ പ്രവർത്തനം നടത്തുന്നതു് ഇവിടത്തെ ഒരു ഐ. ജി.ക്കു പകരം അവിടെ പ്രത്യേകം വിഭാഗങ്ങളായി തിരിച്ചു ഓരോ കമ്മീഷണരുടെ ഭരണത്തിലാണ് വിട്ടുകൊടുത്തിരിക്കുന്നതു്. അപ്പോൾ ഇവിടെയും അവിടെയും തമ്മിൽ വലുതായ വ്യത്യാസമുണ്ട്. ഇംഗ്ലണ്ടിലെ ആക്റ്റനുസരിച്ചു ഈ ഐ. ജി. അല്ലെങ്കിൽ കമ്മീഷണർ ഒരു ഐ. ജി. മാത്രമല്ല ഒരു ജസ്റ്റിസ് ഓഫ് പീസ്കൂടിയാണ്. അതുകൊണ്ടുമാത്രം അവിടെ നിയമനിർമ്മാണം തൃപ്തിപ്പെടുന്നില്ല. അവിടെ ഒരു കമ്മീഷണർ ഹൈക്കോർട്ട് ജഡ്ജിയുടെ മുമ്പിൽ സത്യപ്രതിജ്ഞ നടത്തിയിരിക്കണമെന്നുകൂടി നിയമമുണ്ട്. ഇവിടെ ഒരു വെറും എക്സിക്യൂട്ടീവു അധികാരി മാത്രമായിട്ടാണ് ഇവിടത്തെ ഐ. ജി. ഭരണം നടത്തുന്നതു്. ഇംഗ്ലണ്ടിലാണെങ്കിൽ നിയമസമാധാനം പരിപാലിക്കുന്ന ഒരു ജഡ്ജിയുടെ കൃത്യം ചെയ്യത്തക്കവിധത്തിലുള്ള ഒരാളെയാണ് നിയമിക്കുന്നതു്. ഇവിടെ ഒരു ഉന്നതവിദ്യാഭ്യാസമുള്ള ആളോ നിയമയോഗ്യതയുള്ള ആളോ മാത്രമേ ആയിരിക്കാവു എന്നു നിയമമില്ല. അതു മാത്രമല്ല അവിടെ ആ ഉദ്യോഗസ്ഥൻ സത്യപ്രതിജ്ഞ ചെയ്യണമെന്നു അനുശാസിക്കുന്നുണ്ട്. അങ്ങിനെ സകലവിധത്തിലും ഒരു ജഡ്ജി ആകാൻ യോഗ്യതയുള്ള ഒരാളുടെ കയ്യിൽവേണം പൗരസ്വാതന്ത്ര്യം ഏല്പിച്ചുകൊടുക്കേണ്ടതു്. അങ്ങനെയുള്ള വ്യവസ്ഥകൾ ഇംഗ്ലണ്ടിൽ മാത്രമേ അത്ര കർശനമായി നിയന്ത്രിക്കപ്പെടുന്നുള്ളു എന്നാൽ ഇത്ര വിപുലമായ അധികാരങ്ങൾ ഐ. ജി.ക്കു കൊടുക്കുന്ന വ്യവസ്ഥകൾ ഇവിടെ കൊടുക്കാൻ പാടില്ലാ എന്നുള്ളതാണ് എന്റെ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. ഇങ്ങനെ ഒരു എക്സിക്യൂട്ടീവ് അധികാരം കൊടുക്കുന്നതുകൊണ്ടു് ജനങ്ങളുടെ മൗലികമായ അവകാശങ്ങളെ നിയന്ത്രിക്കപ്പെടുന്നതിനുള്ള അധികാരം ഐ. ജി.ക്കു ലഭ്യമാകുന്നു. അതുകൊണ്ടു് ഐ. ജി.ക്കു കൊടുത്തിരിക്കുന്ന ആ അധികാരം എടുത്തുകളയണമെന്നാണ് ഞാൻ ഉൽബോധിപ്പിക്കുന്നതു്.

"......subject to the orders of the Government by public notice temporarily reserve for any public purpose any street or public place, and prohibit persons from entering the area so reserved......"

സർ, ഇവിടെ കഴിഞ്ഞ കാലത്തു മഹാരാജാക്കന്മാരുടെയും മററും എഴുന്നള്ളത്തു പ്രമാണിച്ചു്, സാധാരണ ജനങ്ങൾക്കു് ചില റോഡുകളിൽകൂടി നടക്കുന്നതിനും വാഹനങ്ങൾ കടന്നുപോകുന്നതിനുമുള്ള അവകാശം നിയന്ത്രിക്കപ്പെട്ടി

[Sri. A. K. Patchu Pillai]

ന്നു. എന്നാൽ ഇന്നാണെങ്കിൽ ഒരു ഐ. ജി. ക്കു അദ്ദേഹത്തിനു വളരെ ഭക്തിയുള്ള അദ്ദേഹത്തിന്റെ ചീഫ് മിനിസ്റ്റർ എതെങ്കിലും ഒരു സ്ഥലത്തേക്കു പോവുകയാണെങ്കിൽ മററാളുകൾക്കു് അതിലെ പോകാൻകൂടി കഴിയാത്തവിധം കുറെ സമയത്തേക്കു് അവരെ കടത്തിവിടാതെ നിർത്താൻ കഴിയുന്നതാണു്. എന്നാൽ അവരിൽ പ്രമാണികളായുള്ളവരേയും വാഹനങ്ങളേയും കടത്തിവിടുകയും ചെയ്യാം. ഈ മാതിരിയുള്ള അസമത്വപരമായ നിയന്ത്രണങ്ങൾകൊണ്ടു് സാധാരണ ജനങ്ങൾക്കു് വിഷമങ്ങൾ ഉണ്ടാകുമെന്നുള്ളതുകൊണ്ടാണു് ഞാൻ പറഞ്ഞതുപോലെ ഇംഗ്ലണ്ടിൽ നടന്നുവരുന്നതുപോലെ സകല യോഗ്യതയുമുള്ള ഒരാളെമാത്രം ആ സ്ഥാനത്തു ഇരുത്തണമെന്നും അപ്പോൾ ഈ അധികാരം ദുർവിനിയോഗം ചെയ്യാതിരിക്കുമെന്നും അതിലേക്കു് ന്യായമായ അധികാരങ്ങൾ മാത്രമേ പ്രദാനം ചെയ്യാൻ പാടുള്ളു എന്നും പറയുന്നതു്. ഇവിടെയാണെങ്കിൽ ഐ. ജി. ക്കു് മോട്ടാർ ആക്ററനുസരിച്ചു് അധികാരം കൊടുത്തിട്ടുണ്ടു്. മററധികാരങ്ങളുമെല്ലാം കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് ഈ പൌരസ്വാതന്ത്ര്യത്തെ ഭഞ്ജിക്കുന്ന ഈ വ. ൭-ാം വകുപ്പു എടുത്തുകളയണമെന്ന പൂർണ്ണമായ ഉത്തരവാദബോധത്തോടുകൂടി പറയുകയും ഈ സംഗതിയെ സംബന്ധിച്ചു അവഗാഢമായി ചിന്തിച്ചു ഇംഗ്ലണ്ടിലെ ലാ മാതിരി ഒരു ലാ ഇവിടെ ഉണ്ടാക്കണമെന്നും ഈ വകുപ്പു എടുത്തുകളയണമെന്നും ഞാൻ ശക്തിയായി ഉൽബോധിപ്പിക്കുന്നു.

ശ്രീ. സി. കേശവൻ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇതുസംബന്ധിച്ചു ഇത്രവളരെ കോലാഹലങ്ങൾ കൂട്ടേണ്ട ആവശ്യങ്ങൾ വല്ലതുമുണ്ടോ?

ശ്രീ. എ. കെ. പാച്ചുപിള്ള: കോലാഹലങ്ങൾ ഒന്നുമില്ല. വാദഗതിമാത്രമാണു് പറഞ്ഞതു്. കോലാഹലം എന്ന ഹാസ്യരൂപത്തിൽ പറയുന്നതിൽ ഞാൻ വ്യസനിക്കുന്നു.

ശ്രീ. സി. കേശവൻ: ഞാൻ അതു കുറച്ചുകൂടി നല്ല അർത്ഥത്തിൽ പറഞ്ഞു എന്നേയുള്ളു. ബഹു. മെമ്പർ ഇത്രവളരെ ശബ്ദത്തോടുകൂടി ഇത്ര ഇംപ്രസീവ് ആയി പറയേണ്ട കാര്യം അതിൽ ഇല്ലെന്നു മാത്രമേ ഞാൻ ഉദ്ദേശിച്ചുള്ളു. ഈ വകുപ്പു ഇതിൽ ചേർത്തിട്ടുള്ളതുതന്നെ വല്ലപ്പോഴും ഇൻഡ്യൻ പ്രസിഡന്റോ പ്രൈംമിനിസ്റ്ററോ ഇവിടം സന്ദർശിക്കുന്ന അവസരങ്ങളിലും മററും ആളുകളെ നിയന്ത്രിക്കുന്നതിനും മററും വേണ്ടിവന്നാൽ റിസർവ്വു ചെയ്യുന്നതിനുവേണ്ടിയാണു്. അതിനു ഈ മാതിരി അധികാരങ്ങൾ ഇല്ലെന്നു വന്നാൽ പിന്നെ എങ്ങനെയാണു്. ഇതു് നിയമവിരുദ്ധമായിട്ടുള്ളതാണെന്നു് പറയുന്നതെങ്ങനെയാണെന്നു മനസ്സിലാകുന്നില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തുന്നതിനുവേണ്ടിയാണു് ഈ വകുപ്പു ചേർത്തിരിക്കുന്നതു്. അല്ലാതെ കാൺസ്റ്റിററ്യൂഷനു വിപരീതമായിട്ടൊന്നുമല്ലെന്നാണു് എനിക്കു് തോന്നുന്നതു്. ഇതു് അഭിപ്രായവ്യത്യാസമുള്ള ഒരു സംഗതി ആയിരിക്കാം. ആവശ്യമുള്ള സന്ദർഭങ്ങളിൽ മാത്രമേ ഇതു ഉപയോഗിക്കണമെന്നു് ഉദ്ദേശിച്ചിട്ടുള്ളു.

അതുപോലെതന്നെ ഒരു ഫയർ ആക്ഷൻ വേണ്ടിവരുമ്പോൾ ആളുകളുടെ പ്രവേശനത്തെ തടയുന്നതിനും മററുംമാത്രമാണു് ഈ അധികാരം കൊടുത്തിട്ടുള്ളതു്. ഇതു വളരെ എക്സ്ട്രാ ഓർഡിനറിയായി മാത്രമെ ഉപയോഗിക്കുകയുള്ളു. ഇതു വളരെ പൌരസ്വാതന്ത്ര്യത്തെ തടയുന്ന ഒന്നാണെന്നു പറയത്തക്കവണ്ണം ഒന്നുമില്ല. അതുകൊണ്ടു് അമെൻറുമെൻറു ആവശ്യമില്ലെന്നും അതു തള്ളത്തക്കതുമാണെന്നുമാണു് എന്റെ അഭിപ്രായം

The amendment was put and lost
The question that clause 27 stand part of the Bill was put and carried
The clause was added to the Bill

Clause 28

Sri. A. K. Patchu Pillai: My amendment to this clause is only a consequential one, and so I don't move it.

The question that clause 28 stand part of the Bill was put and carried
The clause was added to the Bill

Clause 29

The question that clause 29 stand part of the Bill was put and carried
The clause was added to the Bill

Clause 30

Sri. N. D. Jose : I don't move my amendment.

The question that clause 30 stand part of the Bill was put and carried
The clause was added to the Bill

Clause 31

The question that clause 30 stand part of the Bill was put and carried
The clause was added to the Bill

Clause 32

Sri. D. Gnanasigamoni: Sir, I move:

"Recast clause 32 (6) as follows.—

The provisions of this section shall not apply to the City of Trivandrum or any Municipality or Panchayat constituted under the Municipal or Panchayat Act as the case may be."

Sir, I do not see any reason why Panchayats are not exempted from the provisions of this Act while Corporations and Municipalities are so exempted. The provisions of the Panchayat Act are also comprehensive enough and so they also ought to be exempted from the provisions of this Bill. They are also constituted like the corporation and the Municipalities under a comprehensive enactment and the same exemption that applies to the Corporation and the Municipalities apply with eqaul force to the Panchayats. The provisions of the Panchayat Act and the rules made thereunder are Comprehensive enough to bring within its ambit power conferred by this section. When there are two provisions relating to the same matter, one general and the other special, it is the special provision which should prevail. Accordingly the provisions of the Panchayats' Act should prevail here. If Panchayats are exempted then it can be readily seen that there will be no need for a provision like this. In that view the provision is unnecessary. In view of the fact that the Panchayats are selfgoverning institutions like the Corporation and the Municipalities, I submit that the same privilege ought to be given to the Panchayats, and that is what we have been doing all through.

4 p.m.]

Sri. C. Kesavan : I oppose the amendment on the ground that the deletion will work hardship. In Travancore-Cochin municipal and city areas are very small. The Panchayat Act does not find provision for that. Therefore it is necessary to have the provision either in the Panchayat Act or in the Police. As long as there is no provision in the Panchayat Act it is very necessary to provide one in the Police Bill. This is the easiest method to safeguard the interests of the countryside. There should be that section and therefore I oppose the amendment.

Sri. D. Gnanasigamoni : Can it not be provided for in the Panchayat Act?

Sri. C. Kesavan: They can take the responsibility of incorporating that clause.

The amendment was put and lost

The question that clause 32 to 48 stand part of the Bill was put and carried
The clauses were added to the Bill

Clause 49

Sri. D. Gnanasigamoni: I move for the deletion of clause 49. This clause is new. We do not have such a clause in the existing Act. I do not know whether there is such a clause in the Cochin Act. This clause worded as it is, is no criminal trespass, which alone is punishable in law. Criminal trespass is defined in the Penal Code thus: "whoever enters into or upon property in the possession of another with intent to commit an offence or to intimidate, insult or annoy any person in possession of such property, or having lawfully entered into or upon such property, unlawfully remains there with intent thereby to intimidate, insult or annoy any such person, or with intent to commit an offence is said to commit Criminal trespass". This is the law relating to criminal trespass which alone is punishable in law. Now, by this clause we are adding another as an offence and that is wilful trespass. Wilful trespass is not defined anywhere in this Bill. But a penalty is provided for under this clause. This provision is uncertain in its scope and is open to abuse. A reading of this clause shows that a mere entry into the property in the possession of another is an offence though no offence is meant. The person may not have an intention to commit an offence, but all the same it is made punishable. We have been so long getting on without such a provision and I see no reason for its inclusion just at present. There is another matter to which I would like to draw the attention of the Minister in charge of this Bill and that relates to entry on any ground belonging to Government or appropriated to public purposes. I fail to see how entry into land appropriated to public purposes can be an offence. Perhaps according to this provision sitting on the beach or loitering in the Museum can be brought under this clause and the person concerned proceeded against. These are some of the anomalies of this provision.

Sri. C. Kesavan: I may ask the hon'ble Member whether there should be any basis in the legislation of any other State for the improvement of the Police Act here?

Sri. D. Gnanasigamoni: I know that in the Madras Act there is this provision.

I just want to know how entering wilfully into a place appropriated for public purpose can be an offence, if, as a matter of fact he has no intention of annoying or committing an offence. Museum is a public place and if I enter there how can it become punishable?

Sri. C. Kesavan: If it is without reasonable excuse.

Sri. D. Gnanasigamoni: After all, this is much ado about nothing.

Sri. A. K. Patchu Pillai: If a person enters a public place without a guilty mind, though without reasonable excuse, will it be punishable?

Sri. C. Kesavan: He has to explain when he does unreasonable things. I oppose the amendment. ഇതു് ഒരു അർത്ഥമില്ലാത്ത വ്യവസ്ഥയാണെന്നു പറയുകയുണ്ടായി. അങ്ങിനെ യാതൊരു അർത്ഥവുമില്ലാതെ വെറും അലങ്കാരസ്ഥാനംപോലെ കെട്ടിത്തൂക്കിയിരിക്കുന്ന ഒന്നല്ല ഇതു്. ഇതുകൊണ്ടു് വളരെ ഉപയോഗമുണ്ടു്. സെലക്റ്റ് കമ്മിറ്റി വളരെ കാര്യമായി ആലോ

ചിച്ചശേഷം ഇതു ആവശ്യമാണെന്നു കണ്ടിട്ട് മദ്രാസ് ആക്ടിലുള്ള സെക്ഷൻ ഇതിൽ ചേർത്തിട്ടുള്ളതാണ്. ഒരാൾ ഹാളിലേയ്ക്ക് കയറുവാൻ വരുന്നു. ഇതിനകത്തുള്ള ആരേയും കൊല്ലുവാനും അടിക്കുവാനും അല്ല അയാൾ വരുന്നതെന്നിരിക്കട്ടെ. അങ്ങിനെ ഈ ഹാളിൽ കയറിവന്നാൽ എന്താണു വേണ്ടതു്? അങ്ങിനെയുള്ള സന്ദർഭത്തിൽ "whoever without any reasonable excuse" അങ്ങനെ വരുന്നവൻ ഒന്നുകിൽ ഭ്രാന്തനായിരിക്കണം; അല്ലെങ്കിൽ മിസ്ച്ചീവസ് ആയിരിക്കണം. അതുകൊണ്ട് ക്രിമിനൽ ട്രസ്പാസ്സിനുള്ള ഒരു ശിക്ഷയാണ് ഇതിനു വച്ചിരിക്കുന്നതു്. സർക്കാർവക സ്ഥലത്തു കയറി ഇരിക്കുകയോ എന്തെങ്കിലും പ്രവർത്തിക്കുവാൻ തുനിയുകയോ ചെയ്യുന്നതു തെറ്റാണ്. മര്യാദയുള്ള മനുഷ്യരാരും അതു ചെയ്യുകയില്ല. മര്യാദയില്ലാത്തവരും മനഃപൂർവ്വമുള്ളവരുമായി ആ വിധം പെരുമാറുന്നവരെ ഒരു പാഠം പഠിപ്പിക്കുന്നതിനുമാത്രമേ ഈ വകുപ്പു വച്ചിട്ടുള്ളു. അതുകൊണ്ട് ഈ വകുപ്പു എടുത്തുകളയണമെന്നു പറയുന്നതു ശരിയല്ല.

Sri. D. Gnanasigamoni: What about the entry into public places?

Sri. C. Kesavan: It applies much more. പബ്ളിക്ക് ബിൽഡിംഗ്സിനെ സംബന്ധിച്ചിടത്തോളം നമ്മുടെ ധാരണതന്നെ മാറണം. പത്മനാഭന്റെ വകയാണ് എന്നുവച്ച് ആർക്കും എന്തും ചെയ്യാം, മോഷ്ടിക്കാം എന്നുള്ള ഒരു ധാരണയുണ്ട്. പബ്ളിക്ക് ബിൽഡിംഗ്സിൽ അനാവശ്യമായി കയറുന്നവരെ ശിക്ഷിക്കുന്നതിന് ഇതിൽ ഒരു വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.
The question that clauses 49 to 55 stand part of the Bill was put and carried.
Clauses 49 to 55 were added to the Bill

Clauses 56 to 62

Sri. A. K. Patchu Pillai: I don't move amendment no. 57, to clause 56.

The question that clauses 56 to 62 stand part of the Bill was put and carried.
The clauses were added to the Bill

Clause 63

Sri. Ponnara G. Sreedhar: I move:

"Delete clause 63, and renumber the remaining clauses."

സർ, ഈ നിയമത്തിന്റെ കാർക്കശ്യം കുറയ്ക്കുന്നതിനുവേണ്ടി പല ഭേദഗതികളും ഇവിടെ അവതരിപ്പിച്ചു. അവയൊന്നുംതന്നെ പാസ്സായിട്ടില്ല. ആ നിലയ്ക്ക് ഇതുവരെ പാസ്സായിക്കഴിഞ്ഞിട്ടുള്ള വകുപ്പുകളെല്ലാം നിയമമായിത്തീരുകയാണെങ്കിൽ പല സ്വാതന്ത്ര്യങ്ങളും അപകടത്തിലാകുന്നതാണ്. സ്വാതന്ത്ര്യത്തിന്റെ പേരിൽ പ്രവർത്തിക്കുന്ന ആരേയും പിടിക്കുന്നതിന് ഈ വകുപ്പുകൾതന്നെ മതിയാകുന്നതാണ്. ഏതെങ്കിലും കാര്യം ധൃതിവച്ചു ചെയ്യുമ്പോൾ അധികാരത്തിലിരിക്കുന്നവർക്ക് തെറ്റാണെന്നു തോന്നുന്ന പ്രസിദ്ധീകരണങ്ങൾ ഉണ്ടാകുമ്പോൾ ആ കാര്യങ്ങളെ തടയുന്നതിന് ചില പ്രത്യേക പരിപാടികളെല്ലാം വച്ചു പ്രവർത്തിക്കുന്നതിനെല്ലാം നിയമങ്ങൾ ഇന്നു നിലവിലുണ്ട്. എന്നാൽ ഇവിടെ പ്രസ്താവിക്കുന്നതെന്താണെന്നുവച്ചാൽ ആ നടപടിക്രമങ്ങൾ ഒന്നുംതന്നെ ഉണ്ടായില്ലെങ്കിലും ഡിസ്ട്രിക്ട് മജിസ്ട്രേട്ട് എന്നു പറയുന്ന ഉദ്യോഗസ്ഥൻ എന്തെങ്കിലും ഒന്നു പറഞ്ഞാൽ അതനുസരിച്ചു ചെയ്യാമെന്നാണ്. ജനറൽ

[Sri. Ponnara G. Sreedhar]

ക്ലാസസ് ആക്ടിലെ ചില സെക്ഷൻസിന് ഇതു ബാധകമല്ലേ; അതിൽനിന്നു രക്ഷ നേടുന്നതിനല്ലേ ഈ സെക്ഷൻ ഇതിൽ ചേർത്തിരിക്കുന്നത് എന്നെനിക്കു തോന്നുന്നു. ജനറൽ ക്ലാസസ് ആക്ടിൽതന്നെ ഇങ്ങനെയുള്ള നിയമങ്ങൾ ഉണ്ടാക്കുമ്പോൾ ഏതെല്ലാം വിധത്തിലുള്ള നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടത്; അതിലേയ്ക്കുള്ള റൂൾസ് ഏതെല്ലാം വിധത്തിലാണുണ്ടാക്കേണ്ടത് എന്നുണ്ട്. അങ്ങിനെയൊക്കെ നോക്കിയാൽ ഈ സെക്ഷൻ നിയമവിരുദ്ധമാണ്. ഈ ക്ലാസ് ഇതിൽനിന്ന് എടുത്തുകളഞ്ഞില്ലെങ്കിൽ പോലീസുകാരെക്കൊണ്ട് ആളുകൾക്ക് മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതലായ ഉപദ്രവങ്ങളാണ് ഉണ്ടാകാനിടയുള്ളത്. പോലീസ് ആക്ടിൽ ഉള്ള വ്യവസ്ഥകൾ ചില പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടിയുള്ളതാണ്. അല്ലാതെ ഇവിടെ പറഞ്ഞമാതിരി ചീത്ത സ്വഭാവക്കാരെ നല്ലതാക്കുവാനുള്ളതല്ല. അതുകൊണ്ട് ഗവമ്മെൻറിൽ അധികാരത്തിലിരിക്കുന്നവരുടെ ദുർമോഹസാദ്ധ്യത്തിനിട കൊടുക്കാതിരിക്കുന്നതിനു വേണ്ടിയും സാധുക്കളെ രക്ഷിക്കുന്നതിനുവേണ്ടിയും ഈ ക്ലാസ് എടുത്തുകളയണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: സർ, ബഹു. മെമ്പർ മി. ശ്രീധറിന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. നിയമം എന്നുള്ളത് ഒരു ശാസ്ത്രമാണ്. ഇന്നയിന്ന നിയമങ്ങൾ ഇന്നയിന്നവിധത്തിൽ ആയിരിക്കണമെന്നു ആ ശാസ്ത്രം അനുശാസിക്കുന്നുണ്ട്. ആ ശാസ്ത്രത്തിന് വിരുദ്ധമായിട്ടുള്ള നിയമം ഒരു നിയമമായി സ്വീകരിക്കാവുന്നതുമല്ല. ചില വാദങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു പൗരനു ഉണ്ടായിരിക്കുന്ന അവകാശം ഇല്ലാതാക്കണമെങ്കിൽ അതു ഇന്ന ഇന്ന വിധത്തിൽ ആണ് ചെയ്യേണ്ടതെന്നുള്ള മാർഗ്ഗങ്ങൾ നിയമസംഹിതകളിൽ ഇരിക്കെ ആ മാർഗ്ഗങ്ങൾ ഒന്നും അവലംബിക്കാതെ ഇതിൽ പറയുന്ന വകുപ്പനുസരിച്ചു പ്രവർത്തിക്കുന്നതായാൽ അതു ക്രമവിരുദ്ധമാണെന്നു കാണാം. ഇതു ജൂരിസ്പ്രൂഡൻസിലെ തത്വങ്ങളെതന്നെ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. ഇന്നയിന്ന വിധത്തിലാണ് ഒരു നോട്ടീസ് കൊടുക്കേണ്ടത് അല്ലെങ്കിൽ ഒരു കടലാസ് പബ്ളിഷ് ചെയ്യേണ്ടത് എന്നുണ്ട്. ഈ വകുപ്പ് നിയമങ്ങൾക്ക് ചേരാത്തവിധത്തിലുള്ള ഒരു നിയമമായതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

ശ്രീ. സി. കേശവൻ: ഈ അമെൻറമെൻറിനെ ഞാൻ എതിർക്കുന്നു. ഇതു കണ്ണുംമൂടി അനുമതി കൊടുക്കുന്ന മട്ടിലല്ലെന്ന് ഈ സെക്ഷൻ വായിച്ചാൽ മനസ്സിലാകും. ശരിയായ നടപടികൾ നടത്തുന്നതിൽ ഒരു നോട്ടീസ് പതിച്ചതു് താഴെ വീണുപോയി അതുകൊണ്ട് പതിച്ചില്ലാ എന്നോ മറ്റോ ഉള്ള നിസ്സാരമായ കാര്യത്താൽ നിയമമനുസരിച്ചുള്ള അനുശാസനങ്ങൾ നടപ്പിൽ വന്നിട്ടില്ലാ എന്നുള്ള ഏക കാരണത്താൽ ആ നടപടിമുഖേന എടുത്ത നടപടികൾ അസാധുവായിപോകുന്നതല്ലാ എന്നേയുള്ളൂ.

ശ്രീ. പൊന്നറ ജി. ശ്രീധർ: അങ്ങനെയല്ലാ വരുന്നത്. നോട്ടീസ് നടത്തുന്നതിന് ചില നടപടിക്രമങ്ങൾ ഉണ്ട്. ഒരാൾ നോട്ടീസ് കൈപററിയില്ലെങ്കിൽ അതു അയാളുടെ നേരെ എറിഞ്ഞുകൊടുത്തുപോകും. നിയമങ്ങൾ പലതും ഉണ്ട്. എന്നാൽ നിയമങ്ങളിൽ പറയുന്നതുപോലെ ഒന്നും നടക്കുകയില്ല.

ശ്രീ. സി. കേശവൻ: എന്റെ സ്നേഹിതന്റെ ലായേ സംബന്ധിച്ചുള്ള അറിവിനെ ഞാൻ ബഹുമാനിക്കുന്നു. ഇതു് നിയമപ്രകാരം ചെയ്തിട്ടുള്ള ഒരു

പ്രൊവിഷനാണ്. മി. ശ്രീധർ പറഞ്ഞതുപോലെ നോട്ടീസ് ഒരാം കൈ പററിയില്ലെങ്കിൽ അതു അയാളുടെ അട്ടത്തു ഇട്ടുകൊടുക്കണം. അങ്ങനെ ഇട്ടു കൊടുത്താൽ നോട്ടീസ് കീറിയിട്ടതാണ് അതുകൊണ്ട് കിട്ടിയില്ലാ എന്നു പറയരുത് എന്നേയുള്ളു.

The amendment was put and lost.
The question that clauses 63 to 65 stand part of the Bill was put and carried.
The clauses were added to the Bill

Clause 66

Sri. D. Gnanasigamoni. I move the amendment for the deletion of sub-clause (6) to clause 66.

That is, "Whenever it is proved to the satisfaction of the Court, that before the suit was instituted, tender of sufficient amends has been made to the plaintiff, the plaintiff shall not recover his costs nor any relief not included in such tender, and shall defray the costs of the defendant in the suit:

Provided always that no action shall in any case lie where such officers shall have been prosecuted criminally for the same act."

The whole of the section refers to the immunity enjoyed by the police officers for any act done or intended to be done by them in good faith in pursuance of any duty imposed or under any authority conferred on them by any provision of this Act or of any rule order or direction lawfully made or given thereunder. Sir, if they had done any illegal act under the provisions and if there is an aggrieved party, sub-clause (4) gives provision for a notice of one month to the defendant. Moreover, this clause gives certain directions as to how the cost must follow in the suit and that is what I object to. First of all, according to me the sub-clause is not necessary. This is practically what is expected of a court to do. It is the duty of the court to judge impartially, and award costs in its discretion. Costs may or may not be awarded. Why should a particular direction be given to the court as to how the cost must follow and in the same breath the plaintiff is prohibited from recovering his costs or any relief not included in the tender. That seems to be a strange provision. This is dictating to the court. Courts can be expected to do its duty. Its hands shall not be fettered by having such provision. The proviso also says that 'no action shall in any case lie where such officers shall have been prosecuted criminally for the same act''. I submit that is also a very strange provision and so I move that this clause be deleted.

The amendment was put and lost.
The question that Clause 66 stand part of the Bill was put and carried.
The clause was added to the Bill.

Clauses 67 to 70

The question that Clauses 67 to 70 stand part of the Bill was put and carried.
The clauses were added to the Bill.

Clause 71

Sri. D. Gnanasigamoni: I move that in clause 71, substitute the following as clause 71 (2) and renumber the remaining.—

"All rules made under this Act shall be laid for not less than seven days before the Legislative Assembly as soon as possible after they are made, and shall be subject to such modification as the Legislative Assembly may make during the session in which they are so laid".

Sir, this is based on the principle that this House must have a check on this kind of delegated legislation. This principle has been accepted by this House and I have on several occasion laid stress on this point before this House and a clause like this has been accepted on former occasions, and incorporated in other Acts.

Sri. C. Kesavan: I oppose the amendment on the ground that the power to make such rules should be with Government. I strongly oppose the amendment.

The amendment was put and lost.

The question that clauses 71 and 72 stand part of the Bill was put and carried.

The clauses were added to the Bill.

The question that the schedule stand part of the Bill was put and carried.

The schedule was added to the Bill.

The question that clause 1 stand part of the Bill was put and carried.

The clause was added to the Bill.

The question that the Preamble stand part of the Bill was put and carried.

The Preamble was added to the Bill.

The question that the title stand part of the Bill was put and carried.

The Title was added to the Bill.

Sri. C. Kesavan: I move that the Bill be passed.

Sri. K. M. Korah: I second it.

The qestion that the Travancore-Cochin Police Bill be passed was put and carried.

The Bill was passed.

The Assembly adjourned at 4-32 p.m. to meet again at 11-00 a.m. on Tuesday, the 25th September 1951.

V. KRISHNAMOORTHI

Sacretary to the Legislative Assembly

APPENDIX I

*[Please see Answer to Question No. *165 (3)]*

Government-owned and Managed Industrial Concerns

		Total capital invested Rs. in lakhs
1.	The Ceramic Factory, Kundara ..	13·01
2.	The Travancore Minerals Concerns, Chavara ..	11·98
3.	The Travancore Plywood Industries, Punalur ..	10·00
4.	The Travancore Rubber Works ..	4·65
5.	The West Coast Fisheries (Travancore) Limited ..	5·00

(This is a Joint Stock Concern, Government being the Managing Agents from 1st September 1951).

Industrial Companies in which Government have Shares

Name of concern	No. of shares taken by Government	Amount Rs. in lakhs	Government Directors
1. Fertilisers & Cheicmals, (Travancore) Ltd.	21,75,000	217·50	Chief Secretary to Government Development Secretary Finance Secretary
2. The Travancore Titanium Products, Ltd,	3,32,800	33·28	Chief Secretary to Government Director, Geological Department
3. The Travancore Royons, Ltd.	3,00,000	30·00	Chief Secretary to Government Chief Conservator of Forests
4. The Travancore Cements, Ltd.	1,60,000	16·00	Chief Secretary to Government Development Secretary
5. The Indian Aluminium Company, Ltd.	15,200	15·20	Development Secretary
6. The Forest Industries, Travancore, Ltd.	1,27,500	12·75	Chief Secretary to Government Chief Conservator of Forests
7. The Aluminium Industries, Ltd.	20,000	2·00	Development Secretary
0. The Balarama Varma Textiles, Ltd.	5,000	5·00	Chief Secretary to Government
9. The West Coast Fisheries, (Travancore), Ltd.	50,000	5·00	Development Secretary Director of Research
10. The Travancore Sugars & Chemicals, Ltd.	42,800	4·28	Finance Secretary to Government
11. The Punalur Paper Mills, Ltd.	12,555	4·10	Finance Secretary to Government
12. The Travancore Ogale Glass Manufacturing Co., Ltd.	22,000	2·20	Development Secretary
13. The Travancore Electro Chemical Industries, Ltd.	2,000	2·00	Development Secretary
14. The Electrical and Allied Industries, Ltd.	10,000	1·00	Chief Secretary to Government
15. The Vijaya Mohini Mills, Ltd.	1,000	1·00	Development Secretary
16. The Travancore Enamol Industries, Ltd.	2,000	0·20	Development Secretrry
17 The Malabar Timber Products, Ltd.	5,000	0·50	Development Secretary

4. It is also necessary to carry out cytological studies to examine the chromosome number and the behaviour of the chromosomes during cell division.

5. Certain cultural experiments like effect of manures on the yield and quality of oil have also to be conducted.

6. Improvement in distillation. Side by side with the breeding work it is necessary to improve the methods of distillation now in vogue in order to maintain the superior quality of our oil and thus retain its value in the world market. The oil is now being extracted by the time-honoured process of hydro-distillation in copper stills. This method is very crude and the quality of oil suffers. Further, the quantity of firewood required for the crude method of distillation is enormous and this is a serious problem especially now, when there is a great scarcity of firewood in our country. With one ton of firewood 15 distillations can be done and the time for the distillation is $2\frac{1}{2}$—3 hours. Experiments have to be conducted to ascertain whether the cost of electrically generated steam would be cheaper than that of firewood.